
കോളേജ് സ്പോർട്സ് ലീഗുകളുടെ മാനിഫെസ്റ്റോ

# സ്റ്റഡി ഇൻ കേരള

# കോളേജ് സ്പോർട്സ് ലീഗുകൾ കാമ്പസുകളിൽ വിപ്ലവം സൃഷ്ടിക്കുന്നതെങ്ങനെ?




© Disney

സിജിൻ ബി ടി

ഡോ ഇന്ദുലേഖ ആർ

LIWING WRITING

smri
SPORTS & MANAGEMENT RESEARCH INSTITUTE
MAKING INDIA SPORTS SUPERPOWER

# സ്റ്റഡി ഇൻ

# കേരള

## കോളേജ് സ്പോർട്സ് ലീഗുകൾ

## കളി മാറുന്നു.. കാമ്പസുകളും

# സ്റ്റഡി ഇൻ
# കേരള

സിജിൻ ബി ടി & ഡോ ഇന്ദുലേഖ ആർ


രൂപകല്പന

ലിവിംഗ് ഡിസൈൻസ്

പകർപ്പവകാശം

സ്പോർട്സ് & മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (SMRI)

ആദ്യ പ്രസിദ്ധീകരണം

ജൂൺ 2025

പ്രസാധകർ

ലിവിംഗ് റൈറ്റിംഗ്സ്

കഞ്ഞിപ്പാടം, ആലപ്പുഴ 688005

ഫോൺ +91 96 33 221 220

വില

200 രൂപ

| ആമുഖം ::

# കോളേജ് സ്പോർട്സ് ലീഗുകൾ ഇന്ത്യയിൽ ആദ്യമായി കേരളത്തിൽ

യുഎസ് മോഡൽ കോളേജ് സ്പോർട്സ് ലീഗുകൾ നടപ്പിലാക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമാകാൻ കേരളം ഒരുങ്ങുകയാണ്. വിദ്യാഭ്യാസ, കായിക, ബിസിനസ്, സയൻസ്, സാങ്കേതിക വിദ്യാ മേഖലകളിൽ അമേരിക്കയെ ലോകത്തിലെ വൻശക്തിയാക്കുന്നതിൽ പ്രധാന പങ്കു വഹിച്ച അമേരിക്കൻ കോളേജ് സ്പോർട്സ് ലീഗുകളുടെ മാതൃകയിലുള്ള കോളേജ് സ്പോർട്സ് ലീഗുകൾ കേരളത്തിലെ കാമ്പസുകളിലും ഈ വർഷം ആരംഭിക്കുകയാണ്.

2024 ൽ **ഇന്റർനാഷണൽ സ്പോർട്സ് സമ്മിറ്റ് കേരള (ISSK 2024)** യിൽ ഇന്ത്യയിലെ പ്രശസ്ത സ്പോർട്സ് ഗവേഷണ, പരിശീലന സ്ഥാപനമായ **സ്പോർട്സ് & മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (SMRI)** ആണ് നമ്മുടെ സാഹചര്യങ്ങൾക്ക് അനുയോജ്യമായ **കോളേജ് സ്പോർട്സ് ലീഗ്** എന്ന പ്രൊജക്ട് അവതരിപ്പിച്ചത്. ഇന്ത്യയിൽ അമേരിക്കൻ മോഡൽ കോളേജ് സ്പോർട്സ് ലീഗുകൾ ആരംഭിക്കുന്നതിനും, ഇന്ത്യൻ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മികച്ച കാമ്പസ് അനുഭവം നൽകുന്നതിനുമായി സ്പോർട്സ് & മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് 2018 മുതൽ നടത്തുന്ന വിവിധ പ്രവർത്തനങ്ങളുടെ ഫലമായാണ് ഇന്ത്യൻ സാഹചര്യങ്ങൾക്ക്

അനുയോജ്യമായ കോളേജ് സ്പോർട്ട്സ് ലീഗ് മാതൃക SMRI രൂപകൽപന ചെയ്തത്. ഇതിനെ അടിസ്ഥാനമാക്കിയുള്ള കോളേജ് ഗെയിം ഡേയുടെ മാതൃക എസ് എം ആർ ഐ സ്കൂൾ & കോളേജ് സ്പോർട്സ് ലീഗ് മേധാവിയായിരുന്ന **റസീന ഇക്ബാലിന്റെ** നേതൃത്വത്തിൽ മാളയിലെ ഹോളി ഗ്രേസ് കോളേജിൽ 2023ൽ അവതരിപ്പിച്ചു. എസ് എം ആർ ഐ നടത്തിയ വിവിധ പഠനങ്ങളുടെ സംഗ്രഹം 2023 ൽ എസ് എം ആർ ഐ സ്ഥാപകൻ **സിജിൻ ബിടി**യും, **ഡോ ഇന്ദുലേഖ ആർ** ഉം എഴുതിയ **'സ്റ്റഡി ഇൻ ഇന്ത്യ - ഹൗ കോളേജ് സ്പോർട്സ് കാൻ ചേഞ്ച് ഇന്ത്യൻ കാമ്പസ്'** എന്ന പുസ്തകത്തിൽ വിശദമായി പ്രതിപാദിക്കുന്നു.

കോളേജ് സ്പോർട്സ് ലീഗുകൾ കേരളത്തിൽ നടപ്പിലാക്കാൻ തീരുമാനമെടുത്ത കേരള സർക്കാർ പ്രത്യേകിച്ച് കായികവകുപ്പ് മന്ത്രിയും, കായിക ഡയറക്ടറേറ്റും, ഉന്നത വിദ്യാഭ്യാസ മന്ത്രിയും, ഉന്നത വിദ്യാഭ്യാസ വകുപ്പും പ്രത്യേക അഭിനന്ദനം അർഹിക്കുന്നു.

കേരളത്തിലെ വിദ്യാർത്ഥികൾക്കും, അവരുടെ മാതാപിതാക്കൾക്കും, അധ്യാപകർക്കും, സാധാരണക്കാർക്കും **എന്താണ് കോളേജ് സ്പോർട്സ് ലീഗ്** എന്ന് മനസിലാക്കുവാൻ ഈ പുസ്തകം സഹായിക്കും

**ടീം എസ് എം ആർ ഐ**

| തുറന്നെഴുത്ത്::

# നമുക്കൊരുങ്ങാം.. കാമ്പസ് സ്പോർട്സ് വിപ്ലവത്തിന്

പല മേഖലകളിലും നമ്മുടെ രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്ക് അനുകരണീയമായ മാതൃകയാണ് കേരളം. അമേരിക്കൻ മാതൃകയിലുള്ള കോളേജ് സ്പോർട്സ് ലീഗുകൾ കേരളത്തിലെ കാമ്പസുകളിൽ ആരംഭിക്കുന്നതിലൂടെ ഇപ്പോൾ ഉന്നതവിദ്യാഭ്യാസമേഖലയിലും മറ്റുള്ളവർക്ക് മാതൃകയാവുകയാണ് കേരളം. നമ്മുടെ യുവാക്കൾ അമേരിക്കയിലേയും, യൂറോപ്പിലേയും കാമ്പസുകളിൽ തിരയുന്ന അനുഭവങ്ങളും, അവസരങ്ങളും ഇതിലൂടെ നമ്മുടെ കാമ്പസുകളിൽ നിന്ന് നമ്മുടെ വിദ്യാർത്ഥികൾക്ക് ലഭിക്കും. നമ്മുടെ ബിരുദധാരികളുടെ തൊഴിൽ ചെയ്യാനുള്ള ശേഷി വർദ്ധിക്കും. നമ്മുടെ വിദ്യാഭ്യാസരംഗത്തും, കായികരംഗത്തും, ആരോഗ്യരംഗത്തും, വ്യവസായമേഖലയിലും കോളേജ് സ്പോർട്സ് ലീഗുകൾ വിപ്ലവം സൃഷ്ടിക്കും. അമേരിക്കൻ കാമ്പസുകൾ ഒരു നൂറ്റാണ്ടു കൊണ്ട് നേടിയത്, നമുക്ക് ഒരു പതിറ്റാണ്ടു കൊണ്ട് നേടാൻ സാധിക്കും.

വിശ്വസിക്കുക. **എനിക്ക് സാധിക്കും, നമുക്ക് സാധിക്കും, കേരളത്തിന് സാധിക്കും**

സിജിൻ ബി ടി & ഡോ ഇന്ദുലേഖ ആർ


ഇന്ത്യയിൽ
ആദ്യമായി
ആദ്യമായി
കേരളത്തിൽ
CSL 2025
COLLEGE SPORTS LEAGUE
Dept. of Sports & Dept. of Higher Education | (Govt. of Kerala)
SPORTS KERALA
SPORTS FOR LIFE
KERALA STATE SPORTS COUNCIL

# മുന്നറിയിപ്പ്

ഈ പുസ്തകത്തിൽ വിവരിക്കുന്നത് ഒരു ബിഗ് പിക്ചർ (സ്വപ്നം) അല്ലായെങ്കിൽ ഭാവിയിൽ എങ്ങനെയായിരിക്കും കോളേജ് സ്പോർട്സ് ലീഗ് (ലക്ഷ്യം) എന്നതിന്റെ രൂപരേഖയാണ്. അത് ഇപ്പോൾ സാധ്യമാകുമോ അല്ലെങ്കിൽ നമ്മളെക്കൊണ്ട് സാധ്യമാകുമോ എന്ന് ഭയപ്പെടേണ്ടതില്ല.

നമ്മൾ ഒരു വീട് പണിയുമ്പോൾ നമ്മുടെ വീട് എങ്ങനെയായിരിക്കണം എന്ന വലിയ ചിത്രം നമ്മുടെ മനസിൽ നമ്മൾ വരയ്ക്കുന്നു. ആ ചിത്രം ഒരു നല്ല ആർകിടെക്ട് പേപ്പറിൽ പകർത്തുന്നു. ഒരു എഞ്ചിനീയറും ടീമും അതിനെ കല്ലും, മണ്ണും വിയർപ്പിൽ കുഴച്ച് യാഥാർത്ഥ്യമാക്കുന്നു. ആ വീട് (House) നമ്മളും, നമ്മുടെ കുടുംബവും തലമുറകളോളം നമ്മുടെ വാസസ്ഥലമാക്കുന്നു (Home). ആ ജീവിതം നമ്മൾ ആസ്വദിക്കുന്നു. ഒരു സ്വപ്നത്തിൽ നിന്നാണ് ഇത് യാഥാർത്ഥ്യമായത്. ആ സ്വപ്നത്തിലേയ്ക്കുള്ള ഓരോ കാൽവയ്പ്പും ചെറുതായിരുന്നു. നമുക്കും ചെറിയ കാൽവയ്പ്പുകൾ നടത്താം.

ഇത് വിജയിക്കുമോ, ഇത് ഇവിടെ സാധ്യമാകുമാ, ഇത് നമ്മളെ കൊണ്ട് സാധ്യമാകുമോ എന്നുള്ള ഭയം വേണ്ട. നമ്മുടെ വാഹനത്തിൽ രാവിലെ യാത്രയ്ക്കൊരുങ്ങുമ്പോൾ മഴ വന്നാൽ എന്ത് ചെയ്യും, വഴിൽ ബ്ലോക്കുണ്ടായാൽ എന്തു ചെയ്യും, പട്ടി കുറുകെ ചാടിയാൽ എന്ത് ചെയ്യും, ആക്സിഡന്റ് പറ്റിയാൽ എന്ത് ചെയ്യും എന്നെല്ലാം ചിന്തിച്ച് ആകുലപ്പെട്ടാൽ നമുക്ക് യാത്ര തുടങ്ങാനാവില്ല. മഴക്കാലത്ത് നമ്മൾ റെയിൻ കോട്ട്

വണ്ടിയിൽ കരുതും. ബ്ലോക്കുണ്ടായാൽ വേറെ വഴി നമ്മൾ യാത്ര ചെയ്യും, അല്ലെങ്കിൽ കാത്തിരിക്കും. മറ്റ് രണ്ട് സാഹചര്യങ്ങളിൽ സാഹചര്യങ്ങൾക്ക് അനുസരിച്ച് നമ്മളോ, നാട്ടുകാരോ പ്രതികരിക്കും. അത്ര തന്നെ.

**അതിനാൽ ഫലത്തെ കുറിച്ച് ഭയപ്പെടാതിരിക്കുക. ചെയ്യുന്ന കാര്യം ആസ്വദിക്കുക.**

## Don't worry the result. Enjoy the process

## | അകത്തളങ്ങളിൽ

അധ്യായം 1 :: എന്താണ് കോളേജ് സ്പോർട്സ് ലീഗ്? ... 13

അധ്യായം 2 :: കോളേജ് സ്പോർട്സ് ലീഗുകളുടെ വിജയ ചരിത്രം ... 15

അധ്യായം 3 :: കോളേജ് സ്പോർട്സ് ചരിത്രം ... 17

അധ്യായം 4 :: യുഎസ്എയിലെ കോളേജ് സ്പോർട്സിന്റെ സ്വാധീനവും, പ്രാധാന്യവും ... 21

അധ്യായം 5 :: ഇന്ത്യ- അമേരിക്ക ഒരു താരതമ്യം ... 25

അധ്യായം 6 :: കോളേജ് സ്പോർട്സ് കുട്ടിക്കളിയല്ല ... 35

അധ്യായം 7 :: കാമ്പസ് കഥകൾ ... 39

>> കോളേജ് സ്പോർട്സ്  ക്ലബുകൾ രൂപീകരണവും, നടത്തിപ്പും

അധ്യായം 8 :: കോളേജ് സ്പോർട്സ് ക്ലബ്ബുകൾ ... 47

അധ്യായം 9 :: കോളേജ് സ്പോർട്സ് ക്ലബ്ബ് മാനേജ്മെന്റ് ... 49

അധ്യായം 10 :: ടീം മാനേജ്മെന്റ് ... 53

അധ്യായം 11 :: ഗെയിം ഡേ ... 59

അധ്യായം 12 :: കർട്ടൻ റൈസർ ... 65

അധ്യായം 13 :: റോഡ് ഗെയിം ... 69

അധ്യായം 14 :: മെർച്ചൻഡൈസിംഗ് മാനേജ്മെന്റ് ... 71

അധ്യായം 15 :: സ്പോൺസർഷിപ്പ് ... 73

അധ്യായം 16 :: പ്രവർത്തന തത്വങ്ങൾ ... 75

അധ്യായം 17 :: കോളേജ് സ്പോർട്സ് ലീഗുകളുടെ നാൾവഴി ...79

അധ്യായം 18 :: കേരളം എന്ന മാതൃക ...  87

അധ്യായം 19 :: മനസിൽ ഉയരാവുന്ന ചോദ്യങ്ങൾ ... 91

എഴുത്തുകാരെ കുറിച്ച് ... 101

സ്പോർട്സ് & മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ... 104

| അധ്യായം 1 ::

# എന്താണ് കോളേജ് സ്പോർട്സ് ലീഗ്?

കോളേജുകൾ അടിസ്ഥാനമായി രൂപീകരിക്കുന്ന പ്രത്യേക സ്പോർട്സ് ക്ലബ്ബുകൾ തമ്മിൽ ഇംഗ്ലീഷ് പ്രീമിയർ ലീഗ് അല്ലെങ്കിൽ ഇന്ത്യൻ പ്രീമിയർ ലീഗ് പോലെയുള്ള ഹോം ആൻഡ് എവേ ഫോർമാറ്റിൽ നടക്കുന്ന മത്സരങ്ങളുടെ ലീഗുകളാണ് കോളേജ് സ്പോർട്സ് ലീഗുകൾ.

സാധാരണയായി കോളേജ് അല്ലെങ്കിൽ സർവകലാശാല തല കായികമത്സരങ്ങൾ ഒരു വേദിയിലായി ഒന്നോ, രണ്ടോ ദിവസങ്ങളിലായി നടത്തപ്പെടുമ്പോൾ, കോളേജ് സ്പോർട്സ് ലീഗുകളിൽ പങ്കെടുക്കുന്ന കോളേജുകളെല്ലാം തന്നെ വേദികളാകും. കൂടാതെ, ഒരു ദിവസമോ, ഒരാഴ്ചയോ നീണ്ടു നിൽക്കുന്ന ടൂർണമെന്റുകൾക്കു പകരം 3 മുതൽ 6 മാസം വരെ നീണ്ടു നിൽക്കുന്ന മത്സരങ്ങളാണ് പൊതുവിൽ കോളേജ് സ്പോർട്സ് ലീഗുകളിൽ ഉണ്ടാവുക.

സാധാരണയായി ഒരു വേദിയിൽ വച്ച് നടത്തപ്പെടുന്ന ടൂർണമെന്റിന്റെ നടത്തിപ്പ് ഉത്തരവാദിത്വം മുഴുവനും ഒരു കോളജിനാണെങ്കിൽ, ലീഗിൽ പങ്കെടുക്കുന്ന ടീമുകൾ എല്ലാം തന്നെ ആതിഥേയരാണ്. അവരുടെ കാമ്പസിൽ വച്ച് നടക്കുന്ന ഹോം മത്സരങ്ങളുടെ വിജയകരമായ സംഘാടനം അവരുടെ

സാധാരണ ടൂർണമെന്റുകളിൽ അധികവും നോക്കൗട്ട് മാതൃകയിലായതിനാൽ തോൽക്കുന്ന ടീമുകൾക്ക് പിന്നീട് കളിക്കാനുള്ള അവസരം നഷ്ടപ്പെടുന്നു. എന്നാൽ ലീഗിൽ എല്ലാ ടീമുകൾക്ക് തുല്യമായ എണ്ണം മത്സരങ്ങൾ ലഭിക്കുന്നു. അവർ സ്വന്തം കളത്തിലും, എതിരാളിയുടെ കളത്തിലും പരസ്പരം ഏറ്റുമുട്ടുന്നു. എല്ലാ ടീമുകളും പരസ്പരം ഏറ്റുമുട്ടുന്നു. കൂടാതെ ലീഗുകളുടെ എണ്ണം വർദ്ധിക്കുമ്പോൾ വിവിധ തലങ്ങളിലുള്ള ലീഗുകളിലേയ്ക്ക് ടീമുകൾക്ക് സ്ഥാനക്കയറ്റവും, തരംതാഴ്ത്തലും നടക്കും.

നമ്മുടെ കോളേജുകളിലെ അത്‌ലറ്റുകൾക്ക് വികസിത രാജ്യങ്ങളിലെ അവരുടെ സമകാലികരായ അത്‌ലറ്റുകൾക്ക് സമാനമായി കൂടുതൽ മത്സരാനുഭവങ്ങൾ കോളേജ് സ്പോർട്സ് ലീഗുകൾ നൽകും.

| അധ്യായം 2 ::

# കോളേജ് സ്പോർട്സ് ലീഗുകളുടെ വിജയ ചരിത്രം

അമേരിക്കയിലേയും, കാനഡയിലേയും മിക്ക കോളേജുകളുടേയും, സർവകലാശാലകളുടേയും പ്രധാന വരുമാന മാർഗമാണ് കോളേജ് സ്പോർട്സ്. ഈ രാജ്യങ്ങളിൽ കോളേജ് സ്പോർട്സ് ഒരു വലിയ വ്യവസായമാണ്. ചില കാര്യങ്ങളിൽ ആ രാജ്യങ്ങളിലെ പ്രൊഫഷണൽ സ്പോർട്സ് വ്യവസായത്തേക്കാൾ വലുതാണ് കോളേജ് സ്പോർട്സ്.

കോളേജ് സ്പോർട്സ് വ്യവസായം കോടിക്കണക്കിന് ഡോളർ സമ്പാദിക്കുകയും ആയിരക്കണക്കിന് ആളുകൾക്ക് പ്രത്യക്ഷമായും, പരോക്ഷമായും തൊഴിൽ നൽകുകയും ചെയ്യുന്നു. കോളേജ് സ്പോർട്സിൽ നിന്നുള്ള വരുമാനം സർവകലാശാലകളും, കോളേജുകളും ഗവേഷണത്തിനും, സ്കോളർഷിപ്പുകൾക്കും ലോകത്തിലെ ഏറ്റവും മികച്ച പഠന-ഗവേഷണ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഉപയോഗിക്കുന്നു.

അമേരിക്കയിലെ കോളേജ് സ്പോർട്സ് വ്യവസായം ഇന്ത്യയിലെ പല സംസ്ഥാന സർക്കാരുകളുടേയും വാർഷിക വരുമാനത്തേക്കാൾ കൂടുതൽ വരുമാനം നേടുന്നു എന്നത് കോളേജ് സ്പോർട്സ് വ്യവസായത്തിന്റെ അനന്ത സാധ്യതയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്.

യുഎസ്എയിലെ പ്രൊഫഷണൽ കായിക വ്യവസായത്തിന്റെ യഥാർത്ഥ അടിത്തറയാണ് യുഎസ് കോളേജ് സ്പോർട്സ്. ശക്തമായ കോളേജ് സ്പോർട്സ് സംവിധാനം യു.എസ്.എ.യെ കായികരംഗത്തു മാത്രമല്ല വിദ്യാഭ്യാസം, ബിസിനസ്, സയൻസ്, ടെക്നോളജി എന്നിങ്ങനെ മേഖലകളികളിൽ ലോക മഹാശക്തിയാകുന്നതിൽ വലിയ പങ്കു വഹിച്ചിട്ടുണ്ട്.

| അധ്യായം 3 ::


# കോളേജ് സ്പോർട്സ് ചരിത്രം

പത്തൊമ്പതാം നൂറ്റാണ്ടിൽ, സ്പോർട്സ് ഉൾപ്പെടാത്ത അന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിനെതിരായ വിദ്യാർത്ഥികളുടെ കലാപമായാണ് കോളേജ് സ്പോർട്സ് അമേരിക്കയിൽ ആരംഭിച്ചത്. കായികവിനോദങ്ങളിൽ ഏർപ്പെടാൻ വിദ്യാർത്ഥികളെ അനുവദിക്കാതെ ക്ലാസ്റൂം പ്രവർത്തനങ്ങളിൽ മാത്രം ശ്രദ്ധകേന്ദ്രീകരിച്ചിരുന്ന അന്നത്തെ അമേരിക്കൻ കാമ്പസുകളിൽ വിദ്യാർത്ഥികളും, അധ്യാപകരും തമ്മിലുള്ള സംഘർഷങ്ങൾ സാധാരണമായിരുന്നു. വിദ്യാർത്ഥികളെ നിയന്ത്രിക്കാനായി ജിംനേഷ്യങ്ങളും മറ്റും പല സർവകലാശാലകളിലും 1830നു മുമ്പു തന്നെ ആരംഭിച്ചിരുന്നു.

ജിംനേഷ്യങ്ങളിലും, വ്യവസ്ഥാപിത കായികപ്രവർത്തനങ്ങളിലും സംതൃപ്തരാകാത്ത വിദ്യാർത്ഥികൾ അവർക്കിടയിൽ **"ക്ലാസ് റഷുകൾ"** എന്നറിയപ്പെടുന്ന കായികമത്സരങ്ങൾ സംഘടിപ്പിച്ചു. പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ആരംഭിച്ച "ക്ലാസ് റഷുകൾ" വിദ്യാർത്ഥികൾക്ക് അവരുടെ ക്ലാസ് സ്പിരിറ്റ് പ്രകടിപ്പിക്കാനും പരസ്പരം മത്സരിക്കാനുമുള്ള ഒരു മാർഗമായി മാറി. പലപ്പോഴും പരുക്കൻ രീതിയിലായിരുന്നു ഇത്.

182 വർഷങ്ങൾക്ക് മുമ്പ്, **1843 മെയ് 24 ന്, യേൽ സർവകലാശാലയിലെ വിദ്യാർത്ഥികൾ സ്ഥാപിച്ച ബോട്ട് ക്ലബാണ് ലോകത്തിലെ ആദ്യത്തെ സംഘടിത കോളേജ് സ്പോർട്സ് ക്ലബ്ബ്.** 1844ൽ **ഹാർവാർഡ് സർവകലാശാല**യിലെ

വിദ്യാർത്ഥികൾ സമാനമായ ഒരു ബോട്ട് ക്ലബ് സ്ഥാപിച്ചു. **ഈ രണ്ട് ക്ലബ്ബുകളുടെയും രൂപീകരണം 1852-ൽ റെഗാറ്റാസ് എന്ന പേരിലുള്ള ലോകത്തിലെ ആദ്യത്തെ ഇന്റർകോളേജിയേറ്റ് കായിക മത്സരത്തിന് അടിത്തറയിട്ടു.** 1852 ഓഗസ്റ്റ് 3 ന് ന്യൂ ഹാംഷെയറിലെ വിന്നിപെസാകി തടാകത്തിലാണ് ഇത് നടന്നത്.




ഈ മത്സരത്തെ തുടർന്ന് നിരവധി കോളേജ് സ്പോർട്സ് ക്ലബ്ബുകളും, കോളേജുകൾക്കിടയിൽ മത്സരങ്ങളും ആരംഭിച്ചു. കൂടുതൽ കോളേജുകൾ കൂടുതൽ കായിക ഇനങ്ങൾക്കായി സ്പോർട്സ് ക്ലബ്ബുകൾ ആരംഭിച്ചപ്പോൾ കോളേജ് സ്പോർട്സിന്റെ ജനപ്രീതി വർദ്ധിച്ചു.

വിദ്യാർത്ഥികളാണ് ആദ്യകാലങ്ങളിൽ (1870-1900 മുതൽ) കോളേജ് സ്പോർട്സിനെ നിയന്ത്രിക്കുകയും, ധനസഹായം നൽകുകയും ചെയ്തിരുന്നത്. കോളേജ് സ്പോർട്സിന്റെ ജനപ്രിയതയും, അത് കോളേജുകൾക്ക് നൽകിയ നേട്ടങ്ങളും വിദ്യാർത്ഥികളിൽ നിന്നും അതിനെ ഏറ്റെടുക്കാൻ കോളേജുകളെ പ്രേരിപ്പിച്ചു. അങ്ങനെ വിദ്യാർത്ഥികളുടെ ധനസഹായത്തോടെ പ്രവർത്തിച്ചിരുന്ന ക്ലബുകൾ കോളേജ്, യൂണിവേഴ്സിറ്റി ധനസഹായമുള്ള ക്ലബുകൾക്ക് വഴിയൊരുക്കി.

ആ സമയത്ത്, കോളേജ് സ്പോർട്സ് കർശനമായി നിയന്ത്രിക്കപ്പെടാത്തതിനാൽ അത് നിരവധി അപകടങ്ങൾക്കും, മരണങ്ങൾക്കും കാരണമായി. ഇതിനു പരിഹാരം കാണാനായി ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ അന്നത്തെ അമേരിക്കൻ പ്രസിഡന്റായിരുന്ന **തിയോഡോർ റൂസ്വെൽറ്റ്** രണ്ട് വൈറ്റ് ഹൌസ് കോൺഫറൻസുകൾ വിളിച്ചുചേർത്തു. ഈ കോൺഫറൻസുകൾ **ഇന്റർകോളേജിയേറ്റ് അത്‌ലറ്റിക് അസോസിയേഷൻ ഓഫ് ദി യുണൈറ്റഡ് സ്റ്റേറ്റ്സ് (IAAUS)** രൂപീകരിക്കുന്നതിന് കാരണമായി

ഈ കോൺഫറൻസുകളെ തുടർന്ന്, ന്യൂയോർക്ക് സർവകലാശാലയിലെ ചാൻസലർ ഹെൻറി മക്രാക്കൻ ഫുട്ബോൾ കളിക്കുന്ന നിയമങ്ങളിൽ മാറ്റങ്ങൾ വരുത്താൻ കോളേജുകളുടേയും, സർവകലാശാലകളുടേയും യോഗം സംഘടിപ്പിച്ചു. 1905 ഡിസംബർ 28 ന് ന്യൂയോർക്കിൽ നടന്ന ഒരു തുടർയോഗത്തിൽ, 62 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇന്റർകോളേജിയേറ്റ് അത്‌ലറ്റിക് അസോസിയേഷൻ ഓഫ് യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ (IAAUS) ചാർട്ടർ അംഗങ്ങളായി.

1906 മാർച്ച് 31 ന് ഐഎഎയുഎസ് ഔദ്യോഗികമായി സ്ഥാപിതമാവുകയും 1910 ൽ **നാഷണൽ കൊളീജിയറ്റ് അത്‌ലറ്റിക് അസോസിയേഷൻ (NCAA)** എന്ന ഇപ്പോഴത്തെ പേര്

സ്വീകരിക്കുകയും ചെയ്തു.  എൻ. സി. എ. എയുടെ പ്രധാന ലക്ഷ്യം ഇന്റർകോളേജിയേറ്റ് സ്പോർട്സിനായി നിയമങ്ങൾ സൃഷ്ടിക്കുക എന്നതായിരുന്നു.  എൻ. സി. എ. എയുടെ രൂപീകരണം അമേരിക്കയിലെ കോളേജ് കായിക ഇനങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തി.


യേൽ, ഹാർവാർഡ് യൂണിവേഴ്സിറ്റികൾ തമ്മിലുള്ള ബോട്ട് റേസിംഗ് മത്സരത്തിലൂടെ 173 വർഷം മുമ്പ് ആരംഭിച്ച അമേരിക്കൻ കോളേജ് സ്പോർട്സ് വ്യവസായം മികച്ച ഗവേഷണ സൗകര്യങ്ങൾ വികസിപ്പിച്ച് ലോകത്തിലെ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളാകാൻ അമേരിക്കൻ കോളേജുകളേയും, സർവകലാശാലകളേയും സഹായിച്ചു. കൂടാതെ, സംഘടിത കോളേജ് സ്പോർട്സ് ക്ലബ്ബുകളുടെയും കോളേജ് സ്പോർട്സ് ലീഗുകളുടെയും തുടക്കം അമേരിക്കൻ കാമ്പസുകളെ ലോകത്തിലെ ഏറ്റവും മികച്ചതും ഏറ്റവും ഇഷ്ടപ്പെട്ടതുമായ വിദ്യാഭ്യാസ ലക്ഷ്യസ്ഥാനങ്ങളാക്കി മാറ്റി.

| അധ്യായം 4 ::

# യുഎസ്എയിലെ കോളേജ് സ്പോർട്സിന്റെ സ്വാധീനവും, പ്രാധാന്യവും

ലോകത്തിലെ ഏറ്റവും സമ്പന്ന രാജ്യങ്ങളിലൊന്നായ അമേരിക്ക പൊതു ഖജനാവിൽ നിന്ന് സ്പോർട്സിനായി ചെലവഴിക്കുന്ന തുക കുറവാണ്. എന്നാൽ ഒളിമ്പിക്സിൽ ഏറ്റവും കൂടുതൽ മെഡലുകൾ നേടിയ ലോകത്തിലെ കായിക സൂപ്പർ പവർ ആണ് യുഎസ്എ. ലോകത്തിലെ ഏറ്റവും സമ്പന്നമായ 5 സ്പോർട്സ് ലീഗുകളിൽ 4 എണ്ണവും അമേരിക്കയിൽ നിന്നുള്ളതാണ്. ശക്തമായ കോളേജ് സ്പോർട്സ് ലീഗുകളാണ് ഇതിന് പിന്നിലെ പ്രധാന കാരണം.

മറ്റ് രാജ്യങ്ങളിലുള്ള കോളേജ് അത്‌ലറ്റുകളെ അപേക്ഷിച്ച് അമേരിക്കയിലെ കോളേജ് അത്‌ലറ്റുകൾക്ക് കൂടുതൽ മത്സര പരിചയവും, ഏറ്റവും മികച്ച പരിശീലനവും ലഭിക്കുന്നു. കോളേജ് സ്പോർട്സിന്റെ സാമ്പത്തിക സ്ഥിരത, കോളേജ് തലത്തിൽ തന്നെ അമേരിക്കൻ അത്‌ലറ്റുകൾക്ക് **ജോൺ വുഡൻ, ഡീൻ സ്മിത്ത്** എന്നിവരെ പോലുള്ള ലോകത്തിലെ ഏറ്റവും മികച്ച പരിശീലകരെ ലഭിക്കാൻ സഹായിക്കുന്നു. കൂടാതെ, കോളേജ് സ്പോർട്സ് അമേരിക്കൻ അത്‌ലറ്റുകൾക്ക് പ്രൊഫഷണൽ സ്പോർട്സിലേക്ക് എളുപ്പത്തിൽ പ്രവേശനം ഉറപ്പാക്കുന്നു.





**ചിയർലീഡർമാർ, ലൈവ് മസ്കോട്ട്** തുടങ്ങി നിരവധി കാര്യങ്ങൾ അമേരിക്കൻ കോളേജ് സ്പോർട്സ് സ്പോർട്സ് ലോകത്തിന് സംഭാവന ചെയ്തിട്ടുണ്ട്.

കോളേജ് സ്പോർട്സിന്റെ വികസനം യുഎസ്എയിൽ പ്രൊഫഷണൽ സ്പോർട്സിന്റെയും, സ്കൂൾ സ്പോർട്സിന്റെയും ഉത്ഭവത്തിനും വികാസത്തിനും കാരണമായി. അമേരിക്കയിൽ പ്രൊഫഷണൽ ലീഗുകൾ ആരംഭിക്കുന്നതിനു മുമ്പു തന്നെ കോളേജ് സ്പോർട്സ് ലീഗുകൾ ആരംഭിക്കുകയും പ്രൊഫഷണൽ ലീഗുകളുടെ

വളർച്ചയ്ക്ക് അത് കാരണമാവുകയും ചെയ്തു. സ്കൂൾ സ്പോർട്സുകൾ താഴെയും, കോളേജ് സ്പോർട്സുകൾ മധ്യത്തിലും, പ്രൊഫഷണൽ സ്പോർട്സുകൾ മുകളിലും ഉള്ള ശക്തമായ സ്പോർട്സ് സംവിധാനം അമേരിക്കൻ അത്‌ലറ്റുകൾക്ക് പരമാവധി അവസരങ്ങൾ നൽകുന്നു. കൂടാതെ ഒളിമ്പിക്സിലും, ലോകത്തിലെ മറ്റ് പ്രധാന കായിക ടൂർണമെന്റുകളിലും യുഎസ്എയെ ഒന്നാമതാക്കുന്നതിൽ അമേരിക്കൻ കോളേജ് സ്പോർട്സിന്റെ പങ്ക് വളരെ വലുതാണ്.

കായികതാരങ്ങളല്ലാത്ത വിദ്യാർത്ഥികൾക്കും കോളേജ് സ്പോർട്സ് സംഘാടക ടീമുകളുടെ ഭാഗമാകുന്നതിലൂടെ പരമാവധി സംരംഭക അനുഭവം ലഭിക്കുകയും പിന്നീട് അത് അവരുടെ പ്രൊഫഷണൽ, ബിസിനസ് വിജയത്തിന് കാരണമാവുകയും ചെയ്യുന്നു.





smri.in
playsmri
IF YOUR HEART IS FULL OF SPORTS, MAKE SPORTS YOUR CAREER & LIFE
JOIN OUR DIPLOMA COURSES IN
SPORTS MANAGEMENT
SPORTS ENGINEERING
SPORTS PSYCHOLOGY
& QUICKSTART YOUR
SPORTY CAREER
smri
SPORTS & MANAGEMENT RESEARCH INSTITUTE
MAKING INDIA SPORTS SUPERPOWER
Call us now!
+91 8891675259
9995675259

| അധ്യായം 5 ::

# ഇന്ത്യ- അമേരിക്ക ഒരു താരതമ്യം

ഇന്ത്യയിൽ സർക്കാരുകളും, സർവ്വകലാശാലകളും, കോളേജുകളുമാണ് നിലവിൽ കോളേജ് സ്പോർട്സിനായി പണം ചെലവഴിക്കുന്നത്. പൊതുജനം വിശപ്പിനും, വിയർപ്പിനും, വേദനയ്ക്കും നൽകുന്ന വിവിധ നികുതികളിൽ നിന്നാണ് സർക്കാരുകൾ ഈ തുക ചെലവഴിക്കുന്നത്. കോളേജുകളും, സർവകലാശാലകളും കോളേജ് സ്പോർട്സിൽ നിന്നും വരുമാനമൊന്നും തന്നെ നേടുന്നുമില്ല.



നിലവിൽ പൊതുജനങ്ങൾക്കും, സ്പോൺസർമാർക്കും എന്തിന് മിക്ക കോളേജുകളിലും, വിദ്യാർത്ഥികൾക്കു പോലും കോളേജ് സ്പോർട്സിൽ താൽപര്യമില്ല. കോളേജുകളിൽ

മത്സരങ്ങൾ നടക്കുന്നതു പോലും പലപ്പോഴും വിദ്യാർത്ഥികൾ അറിയുന്നില്ല എന്നതാണ് രസകരം. ഇതിനാൽ തന്നെ പ്രൊഫഷണൽ ടീമുകളുടെ ശ്രദ്ധയിൽപ്പെടാൻ നമ്മുടെ കോളേജ് കളിക്കാർക്ക് അവസരം വളരെ കുറവാണ്. അമേരിക്കയിലെ മത്സരാത്മക കൊളീജിയറ്റ് സ്പോർട്സ് പ്രൊഫഷണൽ സ്പോർട്സിലേയ്ക്ക് വിദ്യാർത്ഥികൾക്ക് മികച്ച അവസരങ്ങൾ നൽകുന്നു. എൻഎച്ച്എൽ, എൻബിഎ, എൻഎഫ്എൽ, എംഎൽഎസ് തുടങ്ങിയ പ്രധാന പ്രൊഫഷണൽ ലീഗുകളെല്ലാം തന്നെ കോളേജ് സ്പോർട്സിൽ നിന്ന് പ്രൊഫഷണൽ സ്പോർട്സിലേക്ക് നേരിട്ട് അവസരം നൽകുന്ന പ്ലെയർ ഡ്രാഫ്റ്റ് സിസ്റ്റം പ്രവർത്തിപ്പിക്കുന്നു.



2019 ൽ എൻ. സി. എ. എ. അത്‌ലറ്റിക്സ് ഡിപ്പാർട്ട്മെന്റുകളുടെ മൊത്തം വരുമാനം 18 ബില്യൺ ഡോളറായിരുന്നു. ഇത് ഇന്ത്യാ ഗവൺമെന്റിന്റെ കായിക ബജറ്റ് (0.41 ബില്യൺ ഡോളർ), കേരള ഗവൺമെന്റിന്റെ മൊത്തം വരുമാനം (15 ബില്യൺ ഡോളർ), മറ്റ് നിരവധി ഇന്ത്യൻ സംസ്ഥാനങ്ങളുടെ വരുമാനം എന്നിവയേക്കാൾ വലുതാണ്. എൻ. സി. എ. എയ്ക്ക് പുറമെ


നിരവധി കൊളീജിയറ്റ് അത്‌ലറ്റിക് ഓർഗനൈസേഷനുകൾ യുഎസിൽ പ്രവർത്തിക്കുന്നു.

വിജയകരമായ ഒരു കരിയർ ഉറപ്പാക്കാനുള്ള ഒരു മാർഗമായി അക്കാദമികവും, കായികവുമായ പ്രവർത്തനങ്ങൾ സന്തുലിതമാക്കാൻ അമേരിക്കൻ കോളേജ് സ്പോർട്സ് സംവിധാനം വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നു. അമേരിക്കയിൽ, കോളേജ് സ്പോർട്സിൽ പങ്കെടുക്കുന്നതിന് വിദ്യാർത്ഥികൾക്ക് മികച്ച അക്കാദമിക്ക് പ്രകടനവും ആവശ്യമാണ്. അതുകൊണ്ടു തന്നെ അമേരിക്കയിൽ കോളേജ് വിദ്യാർത്ഥി അത്‌ലറ്റുകളുടെ അക്കാദമിക് പ്രകടനം, സാധാരണ കോളേജ് വിദ്യാർത്ഥികളുടെ അക്കാദമിക് പ്രകടനത്തെക്കാൾ മികച്ചതാണ്. ഇന്ത്യയിൽ, വിദ്യാർത്ഥി അത്‌ലറ്റുകളുടെ അക്കാദമിക പ്രകടനത്തെക്കുറിച്ച് ആരും ആശങ്കപ്പെടുന്നില്ല. മാത്രമല്ല, കോളേജിനെ പ്രതിനിധീകരിച്ച് കളിച്ച് സമയത്തിന് പരീക്ഷ എഴുതാതെ പഠനം പൂർത്തിയാക്കാൻ അവർക്ക് കൂടുതൽ വർഷങ്ങൾ അനുവദിക്കുകയും ചെയ്യുന്നു.


കോളേജ് സ്പോർട്സിന്റെ വികസനം അമേരിക്കയിൽ പ്രൊഫഷണൽ സ്പോർട്സിന്റെയും, സ്കൂൾ സ്പോർട്സിന്റെയും ഉത്ഭവത്തിനും, വികസനത്തിനും സഹായിച്ചു. താഴെതലത്തിലുള്ള സ്കൂൾ സ്പോർട്സ്, മധ്യതലത്തിലുള്ള കോളേജ് സ്പോർട്സ്, മുകളിലുള്ള പ്രൊഫഷണൽ സ്പോർട്സ് എന്നിവ അമേരിക്കൻ അത്‌ലറ്റുകൾക്ക് അതത് കായിക ഇനങ്ങളിൽ പരമാവധി അവസരങ്ങൾ നൽകുകയും ഒളിമ്പിക്സിലും, ലോകത്തിലെ മറ്റ് പ്രധാന ടൂർണമെന്റുകളിലും അമേരിക്കയെ ഒന്നാം സ്ഥാനക്കാരാക്കുകയും ചെയ്യുന്നു.

## അമേരിക്കൻ **കോളേജ് സ്പോർട്സ് ഗെയിംഡേ** ചിത്രങ്ങൾ







OHIO STATE
OHIO STADIUM
TOUCHDOWN CELEBRATION!






HOME OF THE 12TH MAN


LSU
LSU


THE
TEAM
THE
TEAM
THE
TEAM
28
32
13
23
9
10




TEXAS
LONGHORNS



GO BLUE
M CLUB SUPPORTS YOU


75



LSU
LSU





**ROAREE THE LION**, COLUMBIA UNIVERSIRY




**THE PRINCETON TIGER,** PRINCETON UNIVERSITY



**THE QUAKER**, UNIVERSITY OF PENNSYLVANIA




**THE BLUE JAY**, JOHNS HOPKINS UNIVERSITY

Mascots in Action

| അധ്യായം 6 ::

# കോളേജ് സ്പോർട്സ് കുട്ടിക്കളിയല്ല

**സ്പോർട്സ് മാനേജ്മെന്റ്, സ്പോർട്സ് കോച്ചിംഗ്, സ്പോർട്സ് സയൻസ്, സ്പോർട്സ് എഞ്ചിനീയറിംഗ്** മേഖലകളിലായി ആയിരക്കണക്കിന് പ്രത്യക്ഷ ജോലികൾ കോളേജ് സ്പോർട്സ് ലീഗുകൾ സൃഷ്ടിക്കും. കോളേജ് സ്പോർട്സ് ലീഗുകളുടെ ചില സവിശേഷതകളും, അത് നൽകുന്ന ഗുണങ്ങളും ചുവടെ ചേർക്കുന്നു.

## കോളേജ് സ്പോർട്സ് ക്ലബ്ബുകൾ- **സിഇഓ ഫാക്ടറികൾ, സ്പോർട്സ് സ്റ്റാർട്ടപ്പുകൾ..**

**ഫിൽ നൈറ്റ്** (സഹസ്ഥാപകൻ, നൈക്ക്) അടക്കമുള്ള ലോകത്തെ ഒട്ടനവധി ഉന്നത ബിസിനസ്സ് തലവന്മാരെ വളർത്തിയെടുത്തത് അമേരിക്കയിലെ കോളേജ് സ്പോർട്സ് സംവിധാനമാണ്. **ഫോർച്യൂൺ 500 സിഇഒമാരിൽ 95% പേരും, നിലവിൽ സി-സ്യൂട്ട് സ്ഥാനം വഹിക്കുന്ന വനിതകളിൽ 96% പേരും കോളേജ് സ്പോർട്സിന്റെ ഭാഗമായിരുന്നുവെന്ന് വിവിധ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.** ലീഗിന്റെ ഭാഗമായി കോളേജുകളിൽ ആരംഭിക്കുന്ന സ്പോർട്സ് ക്ലബ്ബുകൾ **സ്റ്റാർട്ടപ്പുകളായും** പ്രവർത്തിക്കും. ഇത് വിദ്യാർത്ഥികൾക്ക്

മാനേജ്മെന്റ് കഴിവുകൾ, സംരംഭകത്വ കഴിവുകൾ, നേതൃത്വപരമായ കഴിവുകൾ എന്നിവയിൽ പരിശീലനം നൽകും.

## **വിദ്യാർത്ഥികൾക്കുള്ള** പ്രയോജനങ്ങൾ

- വിദ്യാർത്ഥി അത്‌ലറ്റുകൾക്ക് പ്രൊഫഷണൽ സ്പോർട്സിലേക്കുള്ള എളുപ്പവഴിയാണ് കോളേജ് സ്പോർട്സ് ലീഗുകൾ ഒരുക്കുക.
- വിദ്യാർത്ഥി-അത്‌ലറ്റുകൾക്ക് നിലവിൽ പ്രൊഫഷണൽ അത്‌ലറ്റുകൾക്കു മാത്രം ലഭിക്കുന്ന അത്യാധുനിക സൗകര്യങ്ങളും, ഉപകരണങ്ങളും, ഉയർന്ന തലത്തിലുള്ള പരിശീലനവും ലഭിക്കും. പ്രാക്ടീസ് ജിമ്മുകൾ, കോർട്ടുകൾ, ഫീൽഡുകൾ, പൂളുകൾ, വെയ്റ്റ് റൂമുകൾ, വിവിധ പുനരധിവാസ സൗകര്യങ്ങൾ, അറിവുള്ള ജീവനക്കാർ എന്നിവ ഈ സൗകര്യങ്ങളിൽ ഉൾപ്പെടുന്നു.
- വർഷം മുഴുവനുമുള്ള മത്സരങ്ങൾ കൂടുതൽ മത്സരസമ്പത്ത് നമ്മുടെ കോളേജ് അത്‌ലറ്റുകൾക്ക് നൽകുന്നു
- സ്കോളർഷിപ്പുകൾ
- കോളേജ് സ്പോർട്സിൽ പുതിയ ജോലികൾ
- മാനേജ്മെന്റ് സ്കിൽ, സൈക്കോളജിക്കൽ സ്കിൽ, സർവൈവൽ സ്കിൽ എന്നിവ നേടാനുള്ള അവസരം
- കൂടുതൽ എക്സ്പോഷർ, അനുഭവപരിചയം എന്നിവയിലൂടെ മെച്ചപ്പെട്ട തൊഴിൽക്ഷമത
- ലോകോത്തര കാമ്പസ് അനുഭവം
- മികച്ച അക്കാദമിക് പ്രകടനം

## **കോളേജുകളുടെ** പ്രയോജനങ്ങൾ

- കോളേജുകൾക്കും, സർവകലാശാലകൾക്കുമുള്ള യുജിസി ധനസഹായം കുറയുന്ന കാലഘട്ടത്തിൽ കോളേജുകൾക്കുള്ള പുതിയ വരുമാന മാർഗമാണ് കോളേജ് സ്‌പോർട്‌സ് ലീഗുകൾ. കോളേജ് സ്‌പോർട്‌സ് കോളേജുകൾക്ക് പുതിയ വരുമാന മാർഗങ്ങൾ നൽകുന്നു. മാധ്യമ അവകാശങ്ങൾ, ടിക്കറ്റ് വിൽപ്പന, സ്‌പോൺസർഷിപ്പുകൾ, മെർച്ചണ്ടൈസ് വിൽപ്പന, സംഭാവനകൾ എന്നിവയിലൂടെയാണ് കോളേജുകൾക്ക് വരുമാനം ലഭിക്കുന്നത്.
- സ്‌പോർട്‌സ് ഇൻഫ്രാസ്ട്രക്ചർ പരിപാലിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള വിഭവങ്ങൾ
- ഗവേഷണത്തിനും മറ്റ് വികസന പ്രവർത്തനങ്ങൾക്കും പുതിയ വരുമാനം
- കോളേജുകൾ ദേശീയ-അന്തർദേശീയ തലത്തിൽ ബ്രാൻഡു ചെയ്യപ്പെടുന്നതിലൂടെ 100% പ്രവേശനവും, കുറവ് കൊഴിഞ്ഞുപോക്കും, 100% പ്ലെയ്‌സ്‌മെന്റുകളും ഉറപ്പാക്കാനാക്കും
- **സ്റ്റഡി ഇൻ കേരള** ബ്രാൻഡിംഗ്
- എല്ലാ കോളേജുകളിലും സ്‌പോർട്‌അപ്പുകൾ (സ്‌പോർട്‌സ് സ്റ്റാർട്ടപ്പുകൾ) ആരംഭിക്കുന്നതിലൂടെ വിദ്യാർത്ഥികളുടെ തൊഴിൽക്ഷമതയും, സംരംഭകത്വവും വർദ്ധിപ്പിക്കുന്നു
- കാമ്പസുകളിലെ ലഹരിക്കെതിരെയുള്ള ഏറ്റവും മികച്ച പ്രതിരോധമാർഗം

## **സർക്കാരിനുള്ള** പ്രയോജനങ്ങൾ

- കോളേജുകൾ സാമ്പത്തിക സ്വയംപര്യാപ്തത നേടുന്നു
- പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ
- പുതിയ നികുതി വരുമാനം
- സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള കായിക വ്യവസായത്തിലും, പ്രകടനത്തിലുമുള്ള വളർച്ച
- ശാരീരികമായും, വൈകാരികമായും ബൗദ്ധികമായും ആരോഗ്യമുള്ള കേരളത്തിന്റെ സൃഷ്ടി

കോളേജ് സ്പോർട്സ് ലീഗുകൾ വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യതയും, തൊഴിൽ ചെയ്യാനുള്ള കഴിവുകളും വർദ്ധിപ്പിക്കും. കോളേജ് സ്പോർട്സ് ലീഗുകളുടെ നടത്തിപ്പിൽ വിദ്യാർത്ഥികൾ പങ്കാളികളാകുന്നതിലൂടെ പഠനം ആസ്വാദ്യകരവും, ഫലപ്രദവുമായി മാറും.

കോളേജ് സ്പോർട്സ് ലീഗുകൾ കായികരംഗത്തും, ഉന്നത വിദ്യാഭ്യാസരംഗത്തും ദൂരവ്യാപകമായ മാറ്റങ്ങൾ കൊണ്ടുവരും. കായിക താരങ്ങൾക്ക് ലഭിക്കുന്ന കൂടുതൽ മത്സരാനുഭവങ്ങൾ അവരെ ലോകോത്തര കായിക താരങ്ങളെ വെല്ലുന്നതിന് സഹായിക്കും. **"സ്റ്റഡി ഇൻ കേരള"** എന്ന ബ്രാൻഡിംഗിൽ കേരളത്തിനെ മികച്ച ഒരു വിദ്യാഭ്യാസ കേന്ദ്രമാക്കി മാറ്റാനും കോളേജ് സ്പോർട്സിന് കഴിയും.

| അധ്യായം 7 ::

# കാമ്പസ് കഥകൾ

മലയാളത്തിലുള്ള ഒരു കാമ്പസ് സിനിമയെ കുറിച്ചോ, കഥയെ കുറിച്ചോ ഒന്നു ചിന്തിക്കുക. പ്രണയം, വിരഹം, രാഷ്ട്രീയം, വഞ്ചന എന്നിങ്ങനെയുള്ള പ്രമേയങ്ങളായിരിക്കും നമ്മുടെ മനസിൽ കടന്നുവരുക. എന്നാൽ ഹോളിവുഡ് സിനിമകളിലെ ഒരു പ്രധാന വിഭാഗമായ സ്പോർട്സ് സിനിമകളിലെ അവിഭാജ്യ ഘടകമാണ് കോളേജ് സ്പോർട്സ് കഥകൾ. അമേരിക്കൻ കാമ്പസുകളിൽ നിന്നുമുള്ള സിനിമാ കഥകളെ വെല്ലുന്ന ചില സംഭവ കഥകൾ വായിക്കാം.

## **മൈക്കൽ ജോർദൻ** കഥ

ആമുഖം ആവശ്യമില്ലാത്ത കായികതാരമാണ് ബാസ്ക്കറ്റ്ബോൾ ഇതിഹാസം മൈക്കൽ ജോർദൻ. നോർത്ത് കരോലിനയിലെ വിൽമിങ്ടണിലെ എംസ്ലി ഹൈസ്ക്കൂളിലാണ് ജോർദന്റെ കായികജീവിതത്തിന് തുടക്കം കുറിച്ചത്. ബേസ്ബോൾ, ബാസ്ക്കറ്റ്ബോൾ, ഫുട്ബോൾ എന്നിങ്ങനെ മൂന്നു കായിക ഇനങ്ങൾ കളിച്ചു തുടങ്ങി. ഹൈസ്ക്കൂൾ പഠനത്തിന്റെ രണ്ടാം വർഷത്തിൽ ബാസ്ക്കറ്റ്ബോൾ ടീമിൽ ഇടംനേടാൻ ശ്രമിച്ചെങ്കിലും പൊക്കം കുറവാണെന്ന കാരണത്താൽ അതു നടന്നില്ല. എന്നാൽ പിറ്റേവർഷം പൊക്കം നാലിഞ്ചു മെച്ചപ്പെടുത്തിയ ജോർഡൻ കഠിനപരിശീലനത്തിലൂടെ ടീമിൽ ഇടം നേടി.

1981-ൽ നോർത്ത് കരോലിന സർവകലാശാലയിലേക്ക് (യു.എൻ.സി.) ബാസ്ക്കറ്റ്ബോൾ സ്കോളർഷിപ്പോടെ പ്രവേശനം ലഭിച്ചു. "കോച്ചിംഗ് ഇതിഹാസം" എന്ന് വിളിക്കപ്പെടുന്ന **ഡീൻ എഡ്വേർഡ് സ്മിത്ത്** ആയിരുന്നു കോച്ച്. കോളജ് ബാസ്ക്കറ്റ്ബോളിലെ ഏറ്റവും മികച്ച പുതുമുഖ താരത്തിനുള്ള പുരസ്കാരം നേടി. കോളജ് പഠനം പൂർത്തിയാകുന്നതിന് ഒരു വർഷം മുൻപേ 1984ൽ എൻ.ബി.എയിൽ ഷിക്കാഗോ ബുൾസിനായി കളിക്കാൻ ജോർദാൻ നോർത്ത് കരോലിന വിട്ടു.



എൻ ബി എയിലേക്ക് കടക്കുമ്പോൾ അഡിഡാസ്, കൺവേഴ്സ്, നൈക്ക് എന്നീ ബ്രാൻഡുകൾ ഷൂ കരാർ ഒപ്പിടാൻ ജോർദാനെ സമീപിച്ചു. മറ്റ് കമ്പനികൾ ജോർദാനെ അവരുടെ നിലവിലുള്ള ഷൂ ലൈനുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു ബ്രാൻഡ് അംബാസിഡറായി മാത്രം കണ്ടപ്പോൾ, **നൈക്ക്** ജോർദാനായി **എയർ ജോർദാൻ** എന്ന ഒരു സിഗ്നേച്ചർ ഷൂ ലൈൻ തന്നെ സൃഷ്ടിച്ചു. 1984 ഒക്ടോബർ 26 ന്, ജോർദാൻ നൈക്കുമായി അഞ്ച് വർഷത്തെ 2.5 മില്യൺ യുഎസ് ഡോളറിന്റെ കരാറിൽ ഒപ്പുവച്ചു. അത് അക്കാലത്ത് നാഷണൽ ബാസ്കറ്റ്ബോൾ

അസോസിയേഷനിലെ (NBA) മറ്റേതൊരു കരാറിനേക്കാളും മൂന്നിരട്ടി കൂടുതൽ ആയിരുന്നു.

1986ൽ ബിരുദം പൂർത്തിയാക്കാൻ ജോർദാൻ നോർത്ത് കരോലിനയിലേക്ക് മടങ്ങുകയും ഭൂമിശാസ്ത്രത്തിൽ ബാച്ചിലർ ഓഫ് ആർട്സ് ബിരുദം നേടുകയും ചെയ്തു.

## **ഡീൻ സ്മിത്ത്** കഥ

ബാസ്കറ്റ്ബോൾ ഹാൾ ഓഫ് ഫെയിമിൽ "കോച്ചിംഗ് ഇതിഹാസം" എന്നറിയപ്പെടുന്ന ഡീൻ എഡ്വേർഡ്സ് സ്മിത്ത് ഒരു അമേരിക്കൻ കോളേജ് ബാസ്കറ്റ്ബോൾ കോച്ചായിരുന്നു. നോർത്ത് കരോലിന സർവകലാശാലയിൽ 36 വർഷം അദ്ദേഹം പരിശീലിപ്പിച്ചു.

നോർത്ത് കരോലിനയിൽ ഒരു പരിപൂർണ്ണമായ അത്‌ലറ്റിക്സ് പ്രോഗ്രാം നടത്തി വിദ്യാർത്ഥി അത്‌ലറ്റുകൾക്കിടയിൽ ഉയർന്ന ബിരുദ നിരക്ക് നേടിയെടുക്കുന്നതിലും ഡീൻ സ്മിത്ത് വിജയിച്ചു. അദ്ദേഹത്തിന്റെ 96.6% അത്‌ലറ്റുകളും വിജയകരമായി ബിരുദം പൂർത്തിയാക്കി.

എൻബിഎയിലെ സ്മിത്തിന്റെ ഏറ്റവും വിജയകരമായ കളിക്കാരിൽ മൈക്കൽ ജോർദാൻ, ലാറി ബ്രൌൺ, ജെയിംസ് വർത്തി, സാം പെർകിൻസ്, ഫിൽ ഫോർഡ്, ബോബ് മക്അഡൂ, ബില്ലി കന്നിംഗ്ഹാം, കെന്നി സ്മിത്ത്, വാൾട്ടർ ഡേവിസ്, അൽ വുഡ്, ജെറി സ്റ്റാക്ക്ഹൌസ്, അന്റോൺ ജാമിസൺ, റിക്ക് ഫോക്സ്, വിൻസ് കാർട്ടർ, ബ്രാഡ് ഡൌഗെർട്ടി, ചാർലി സ്കോട്ട്, റഷീദ് വാലസ് എന്നിവർ ഉൾപ്പെടുന്നു.

ബാസ്കറ്റ്ബോൾ ഹാൾ ഓഫ് ഫെയിമിൽ മൈക്കൽ ജോർദാനെ ഉൾപ്പെടുത്തിയപ്പോൾ അദ്ദേഹം പറഞ്ഞു, **"ഡീൻ സ്മിത്ത് ഇല്ലാതെ മൈക്കൽ ജോർദാൻ കളിക്കുന്നത് കാണാൻ നിങ്ങൾക്ക് ഒരു അവസരവും ലഭിക്കുമായിരുന്നില്ല."**

പാഠങ്ങൾ: **ഒരു വിശിഷ്ട കായികതാരത്തെ സൃഷ്ടിക്കുന്നതിൽ കോളേജ് സ്പോർട്സിന്റെ പങ്ക്. എലൈറ്റ് അത്‌ലറ്റുകളെ വികസിപ്പിക്കാൻ കോളേജ് സ്പോർട്സ് എങ്ങനെ പരിശീലകരെ സഹായിക്കുന്നു**

## **ഫിൽ നൈറ്റ്** കഥ

ഒരു അമേരിക്കൻ ശതകോടീശ്വരനായ ബിസിനസുകാരനാണ് ഫിലിപ്പ് ഹാംപ്സൺ നൈറ്റ്. ലോകത്തിലെ ഏറ്റവും വലിയ സ്പോർട്സ് ഗുഡ്സ് ബ്രാൻഡായ **നൈക്കി**ന്റെ സഹസ്ഥാപകനും ചെയർമാൻ എമെറിറ്റസും ആണ് അദ്ദേഹം.

യൂജീനിലെ ഒറിഗോൺ സർവകലാശാലയിൽ പഠിക്കുമ്പോൾ, തന്നോടൊപ്പം പിന്നീട് നൈക്കിയുടെ സഹസ്ഥാപകനായ കോച്ച് **ബിൽ ബോവർമാന്റെ** കീഴിൽ പ്രശസ്തമായ ഒറിഗോൺ ട്രാക്ക് ആൻഡ് ഫീൽഡ് പ്രോഗ്രാമിൽ ഫിൽ നൈറ്റ് പങ്കെടുത്തു.

തുടർന്ന് അദ്ദേഹം സ്റ്റാൻഫോർഡ് ഗ്രാജ്വേറ്റ് സ്കൂൾ ഓഫ് ബിസിനസിൽ പഠിച്ചു. അവിടെ ബിസിനസ് ക്ലാസിനായി നൈറ്റ് ഒരു റിസർച്ച് പേപ്പർ തയ്യാറാക്കി. **" ജാപ്പനീസ് ക്യാമറകൾ ജർമ്മൻ ക്യാമറകൾക്ക് എതിരെ ചെയ്തത് ജാപ്പനീസ് സ്പോർട്സ് ഷൂവുകൾക്ക് ജർമ്മൻ സ്പോർട്സ് ഷൂവുകൾക്ക് എതിരെ ചെയ്യാൻ കഴിയുമോ?"** എന്ന ആ പേപ്പർ ഭാവിയിൽ താൻ ചെയ്യാൻ പോകുന്ന ബിസിനസിനുള്ള തയ്യാറെടുപ്പായിരുന്നു. ജപ്പാനിൽ നിന്നും ഷൂ ഇറക്കുമതി

ചെയ്ത് നൈക്കി എന്ന ലോകോത്തര ബ്രാൻഡ് ആരംഭിച്ച് ജർമ്മൻ സ്പോർട്സ് ഷൂ ഭീമൻമാരായ അഡിഡാസിനേയും, പ്യൂമയേയും നൈറ്റ് കടത്തിവെട്ടി ഒന്നാം സ്ഥാനക്കാരായി.


## **ബിൽ ബോർമാൻ** കഥ

തന്റെ മുൻ വിദ്യാർത്ഥി ഫിൽ നൈറ്റിനൊപ്പം നൈക്കി സ്ഥാപിച്ച ഒരു അമേരിക്കൻ ട്രാക്ക് ആൻഡ് ഫീൽഡ് പരിശീലകനായിരുന്നു വില്യം ജയ് ബോവർമാൻ.

തന്റെ കരിയറിൽ 31 ഒളിമ്പിക് അത്‌ലറ്റുകൾ, 51 ഓൾ-അമേരിക്കൻ ജേതാക്കൾ, 12 അമേരിക്കൻ റെക്കോർഡ് ഉടമകൾ, 22 എൻ. സി. എ. എ ചാമ്പ്യന്മാർ എന്നിവരെ അദ്ദേഹം സൃഷ്ടിച്ചു. നൈക്കിന്റെ സഹസ്ഥാപകൻ എന്ന നിലയിൽ കോർട്ടെസ്, വാഫിൾ റേസർ എന്നിവയുൾപ്പെടെ അവരുടെ ചില മുൻനിര ബ്രാൻഡുകൾ അദ്ദേഹം രൂപകല്പന ചെയ്തു. കൂടാതെ മറ്റ് ഷൂ ബ്രാൻഡുകളുടെ വിതരണക്കാർ എന്ന നിലയിൽ നിന്ന് സ്വന്തമായി ഷൂ നിർമ്മിക്കുന്ന കമ്പനിയായി മാറാൻ നൈക്കിയെ അദ്ദേഹം സഹായിച്ചു.

തന്റെ അത്‌ലറ്റുകൾ ക്ലാസ് മുറിയിൽ മികവ് പുലർത്തണമെന്നും, അവർ ട്രാക്കിൽ പഠിച്ച പാഠങ്ങൾ ദൈനംദിന ജീവിതത്തിൽ പ്രയോഗിക്കണമെന്നും വാശിപിടിച്ച പരിശീലകനായിരുന്നു അദ്ദേഹം.

പാഠങ്ങൾ: **ഒരു വലിയ ബ്രാൻഡ് കെട്ടിപ്പടുക്കാൻ കോളേജ് സ്പോർട്സ് എങ്ങനെ സഹായിക്കുന്നു. ആജീവനാന്തം ശക്തമായ ബന്ധം നിലനിർത്താൻ കോളേജ് സ്പോർട്സ് എങ്ങനെ സഹായിക്കുന്നു.**


PARTNERS
BILL
PHIL
BOWERMAN & KNIGHT
BUILDING THE NIKE EMPIRE

# കോളേജ്
# സ്പോർട്സ്
# ക്ലബുകൾ
## രൂപീകരണവും, നടത്തിപ്പും

**| അധ്യായം 8 ::**

# കോളേജ് സ്പോർട്സ് കൗൺസിലുകൾ

കോളേജ് സ്പോർട്സ് ലീഗ് വിജയകരമായി നടത്തുന്നതിന് കോളേജ് തലത്തിൽ ഓരോ അംഗ കോളേജും ഒരു **കോളേജ് സ്പോർട്സ് കൗൺസിൽ** രൂപീകരിക്കേണ്ടതുണ്ട്. ഈ കോളേജ് സ്പോർട്സ് കൗൺസിലിന്റെ കീഴിലാണ് കോളേജ് സ്പോർട്സ് ക്ലബുകൾ വരുന്നത്.

ഈ കോളേജ് സ്പോർട്സ് കൗൺസിൽ ഒരു **ചാരിറ്റബിൾ സൊസൈറ്റി**യായിട്ടാണ് രജിസ്റ്റർ ചെയ്യേണ്ടത്.

കോളേജ് സ്പോർട്സ് കൗൺസിൽ ഒരു **സ്പോർട്സ് സ്റ്റാർട്ടപ്പ് (സ്പോർട്ടപ്പ്)** ആയിട്ടാണ് കണക്കാക്കപ്പെടുക.

കോളേജ് സ്പോർട്സ് കൗൺസിൽ ഡയറക്ടർ ബോർഡിൽ കോളേജ് പ്രിൻസിപ്പാളും, സ്പോർട്സ് (ഫിസിക്കൽ എഡ്യൂക്കേഷൻ), കൊമേഴ്സ് ആൻഡ് മാനേജ്മെന്റ് എന്നീ വകുപ്പുകളുടെ പ്രതിനിധികളും, സ്റ്റുഡന്റ്സ് യൂണിയൻ, പാരന്റ്സ് ആൻഡ് ടീച്ചേഴ്സ് അസോസിയേഷൻ, അലുമ്നി അസോസിയേഷൻ പ്രതിനിധികളും ഉൾപ്പെടും.

സ്പോർട്സ്, കൊമേഴ്സ്, മാനേജ്മെന്റ് വകുപ്പുകൾ ഇല്ലാത്ത കോളേജുകളുടെ കാര്യത്തിൽ, മറ്റ് വകുപ്പുകളിലെ ഫാക്കൽറ്റികളെ ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്താം .

ടീം മാനേജ്മെന്റ് (തിരഞ്ഞെടുപ്പ്, പരിശീലനം, യാത്ര), ഗെയിം മാനേജ്മെന്റ് (ഫീൽഡ് തയ്യാറാക്കൽ, മത്സരം നടത്തിപ്പ്) എന്നിവയുടെ പ്രധാന ഉത്തരവാദിത്വം ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിനായിരിക്കും.

കൊമേഴ്സ്, മാനേജ്മെന്റ് വകുപ്പിനായിരിക്കും വരുമാനമുണ്ടാക്കൽ (സ്പോൺസർഷിപ്പ്, പങ്കാളിത്തം, സംഭാവനകൾ, മെർച്ചൻഡൈസിംഗ് വിൽപ്പന മുതലായവ), ഗെയിംഡേ മാനേജ്മെന്റ് എന്നിവയുടെ പ്രധാന ഉത്തരവാദിത്വം.

വിദ്യാർത്ഥികളെ ലീഗുമായി ബന്ധപ്പെടുത്തുന്നതിനായി വിവിധ പ്രൊമോഷണൽ പ്രവർത്തനങ്ങൾ രൂപകൽപ്പന ചെയ്യുന്നതിനും, നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തം കോളേജ് സ്പോർട്സ് കൗൺസിലിനായിരിക്കും.

| അധ്യായം 9 ::

# കോളേജ് സ്പോർട്സ് ക്ലബ്ബ് മാനേജ്മെന്റ്

കോളേജ് സ്പോർട്സ് ക്ലബ്ബുകളുടെ ദൈനംദിന മാനേജ്മെന്റ് സ്പോർട്സ് മാനേജ്മെന്റിൽ പ്രത്യേക പരിശീലനം ലഭിച്ച ഫാക്കൽറ്റി/സ്റ്റാഫിന്റെ നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളാണ് നിർവഹിക്കേണ്ടത്.

വിദ്യാർത്ഥികൾക്ക് പഠനത്തിനിടയിൽ വരുമാനം നേടുന്നതിനുള്ള അവസരമായി കോളേജ് സ്പോർട്സ് ക്ലബ് മാനേജ്മെന്റിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ സേവനങ്ങൾക്ക് സ്റ്റൈപ്പൻഡുകളും, പ്രകടന ബോണസുകളും നൽകേണ്ടതാണ്.

കോളേജ് സ്പോർട്സ് ക്ലബ് മാനേജ്മെന്റിൽ ഏർപ്പെട്ടിരിക്കുന്ന ഫാക്കൽറ്റി/സ്റ്റാഫ് അംഗങ്ങൾക്ക് അവരുടെ സേവനങ്ങൾക്ക് പ്രകടന ബോണസ് നൽകേണ്ടതാണ്.

കോളേജ് സ്പോർട്സ് ക്ലബ് മാനേജ്മെന്റിലേക്ക് അഭിരുചി പരീക്ഷയിലൂടെ വിദ്യാർത്ഥികളെ തിരഞ്ഞെടുക്കാവുന്നതാണ്.

# വിവിധ കമ്മറ്റികൾ

കോളേജ് സ്പോർട്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനായി താഴെ സൂചിപ്പിക്കുന്ന വിവിധ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. അവയുടെ പ്രധാന ഉത്തരവാദിത്തങ്ങൾ താഴെ പരാമർശിച്ചിരിക്കുന്നു.

**1) ടീം മാനേജ്മെന്റ്**

- ടീം തിരഞ്ഞെടുപ്പ്
- ടീം പരിശീലനം
- ഹോം മാച്ച് ഏകോപനം
- എവേ മാച്ച് ഏകോപനം

**2) മാർക്കറ്റിംഗ് മാനേജ്മെന്റ്**

- സ്പോൺസർഷിപ്പുകൾ
- പങ്കാളിത്തങ്ങൾ
- സംഭാവനകൾ
- മറ്റ് ഫണ്ട്റൈസിംഗ് പ്രവർത്തനങ്ങൾ
- ബ്രാൻഡിംഗ്

**3) മെർച്ചൈഡൈസിംഗ് മാനേജ്മെന്റ്**

- ഉൽപ്പന്ന വികസനം
- വിൽപ്പന ചാനലുകളുടെ മാനേജ്മെന്റ്

**4) പബ്ലിക് റിലേഷൻസ് മാനേജ്മെന്റ്**

- മീഡിയ മാനേജ്മെന്റ്
- സോഷ്യൽ മീഡിയ
- പൊതുജന പങ്കാളിത്ത പ്രവർത്തനങ്ങൾ
- ആരാധക പങ്കാളിത്തം
- ആഹ്ളാദപ്രകടനം (ചിയർ ലീഡിംഗ്)

- ചടങ്ങുകൾ

**5) ഓപ്പറേഷൻസ് മാനേജ്മെന്റ്**

- മത്സര ദിന (ഗെയിം ഡേ) നടത്തിപ്പ്
- റിഫ്രെഷ്മെന്റ്
- ഹോസ്പിറ്റാലിറ്റി
- ലോജിസ്റ്റിക്സ്
- മെഡിക്കൽ സപ്പോർട്ട്
- സുരക്ഷ

**6) ഫിനാൻസ് മാനേജ്മെന്റ്**

- സാമ്പത്തിക മാനേജ്മെന്റ്
- അക്കൗണ്ടിംഗ്
- ഓഡിറ്റിംഗ്

**7) ഗെയിം മാനേജ്മെന്റ്**

- പിച്ച് തയ്യാറാക്കൽ
- റഫറിയിംഗ്
- കമന്ററി
- ഗ്രൗണ്ട് സപ്പോർട്ട്

**8) സ്പോർട്സ് ഫെസിലിറ്റി മാനേജ്മെന്റ്**

- സ്പോർട്സ് ഫെസിലിറ്റികളുടെ ദൈനംദിന മാനേജ്മെന്റ്
- കായിക ഉപകരണങ്ങളുടെ മാനേജ്മെന്റ്
- അംഗത്വ മാനേജ്മെന്റ്
- അംഗങ്ങളുടെ പങ്കാളിത്തം

# QUICK START YOUR SPORTY CAREER



JOIN TODAY FOR OUR

**SPORTS MANAGEMENT**

**SPORTS ENGINEERING**

**SPORTS PSYCHOLOGY**

COURSES

**PG DIPLOMA IN SPORTS MANAGEMENT**
Eligibility: **Any Degree** | Duration : **12 months**

**CERTIFIED SPORTS MANAGER**
Eligibility: **MBA** | Duration : **6 months**

**ADVANCED DIPLOMA IN SPORTS BUSINESS**
Eligibility: **+2/ITI/10+ Exp** | Duration : **12 months**

**ADVANCED DIPLOMA IN SPORTS ENGINEERING**
Eligibility: **B.Tech completion** | Duration : **8 months**

**ADVANCED DIPLOMA IN FOOTBALL MANAGEMENT**
Eligibility: **+2/ITI/10+ Exp** | Duration : **6 months**

**PG DIPLOMA IN SPORTS PSYCHOLOGY**
Eligibility: **Any Degree** | Duration : **12 months**

scan to know more
about our courses

For more information on
admission and career prospects,
please contact our Student Support Team

**8138905259**
**8891675259**
**9995675259**

smri.in playsmri

100% Placement Support | Low Fee
Part-time Job Opportunity

smri

**SPORTS & MANAGEMENT RESEARCH INSTITUTE**

MAKING INDIA SPORTS SUPERPOWER

| അധ്യായം 10 ::

# ടീം മാനേജ്മെന്റ്

## ടീം വ്യക്തിത്വം

യുഎസ്എയിലേയും, കാനഡയിലേയും കോളേജ് ടീമുകൾ അവരുടെ **വിളിപ്പേരുകൾ (nicknames)** കൊണ്ട് ലോകമെമ്പാടും പ്രശസ്തമാണ്, ഈ പേരുകളിലുള്ള ദശലക്ഷക്കണക്കിന് യൂണിറ്റ് ഉൽപ്പന്നങ്ങൾ ലോകമെമ്പാടും വർഷം തോറും വിൽക്കപ്പെടുന്നു. നമ്മളിൽ പലരും അറിയാതെ പോലും അത്തരം ഉൽപ്പന്നങ്ങൾ വാങ്ങി ഉപയോഗിക്കുന്നു. അതിനാൽ ഓരോ കോളേജിലേയും ഭാവി ആരാധകർ അവരുടെ ടീമിനെ പ്രോത്സാഹിപ്പിക്കുന്നതിന് വളരെ ആകർഷകമായ **ടീം വ്യക്തിത്വം (ഐഡന്റിറ്റി)** സൃഷ്ടിക്കണം.

കോളേജ് സ്പോർട്സ് ക്ലബ്ബ് ബ്രാൻഡ് ചെയ്യുന്നത് മെർച്ചൻഡീസ് വിൽപ്പനയിലൂടെ നല്ല വരുമാനം നേടാൻ കോളേജുകളെ സഹായിക്കും. നിലവിലെ വിദ്യാർത്ഥികൾക്ക് പുറമെ, പൂർവ്വ വിദ്യാർത്ഥികൾ, വരാനിരിക്കുന്ന വിദ്യാർത്ഥികൾ, പ്രദേശവാസികൾ, നിങ്ങളുടെ കോളേജ് അറിയാത്ത ആളുകൾ പോലും നിങ്ങളുടെ മെർച്ചൻഡീസുകൾ വാങ്ങും.

ലീഗിൽ ഭാഗമാകുന്ന കോളേജുകൾ താഴെപ്പറയുന്ന ടീം ഐഡന്റിറ്റി ഘടകങ്ങൾ വികസിപ്പിക്കേണ്ടതാണ്.

## 1) ടീമിന്റെ വിളിപ്പേര്

- കോളേജ് ടീമിന് ഏറ്റവും അനുയോജ്യമായ വിളിപ്പേര് കണ്ടെത്തുക എന്നതാണ് ആദ്യപടി. ഇതാണ് ടീമിന്റെ ബ്രാൻഡ് നെയിം എന്നത് ഓർമിക്കുക.
- 'പേരിടൽ മത്സരങ്ങൾ', 'മികച്ച പേര് തിരഞ്ഞെടുക്കുക' തുടങ്ങിയ നിരവധി ആവേശകരമായ മാർഗങ്ങളിലൂടെ കോളേജുകൾക്ക് പേര് തിരഞ്ഞെടുക്കാൻ കഴിയും.
- പേരിൽ അതത് കോളേജിന്റേയും, സ്ഥലത്തിന്റേയും ഐഡന്റിറ്റി ഉൾപ്പെടുത്താൻ ശ്രമിക്കുക. ഉദാഹരണത്തിന് *കൊച്ചിൻ മഹാരാജാസ്, സേക്രട്ട് ഹേർട്ട്സ് തേവര, കുറ്റിപ്പുറം എംഇഎസ് ടൈഗേഴ്സ്*

Louisiana State University

University of Alabama

University of North Carolina at Charlotte

University of North Florida

## 2) ലോഗോ ഡിസൈൻ

- ആകർഷകമായ ഒരു ലോഗോ നിങ്ങളുടെ കോളേജ് ടീം ബ്രാൻഡിന് മൂല്യം കൂട്ടും.

- നിങ്ങൾക്ക് ഇത് ഒരു മത്സരത്തിലൂടെ കണ്ടെത്താം അല്ലെങ്കിൽ പ്രൊഫഷണൽ ഡിസൈനർമാരുടെ സഹായം നേടുന്നതിനെക്കുറിച്ച് ചിന്തിക്കാം.

## 3) മസ്കോട്ടും, മസ്കോട്ടിൻറെ പേരും

- ഒരു സ്കൂൾ, പ്രൊഫഷണൽ സ്പോർട്സ് ടീം, സൊസൈറ്റി, മിലിട്ടറി യൂണിറ്റ് അല്ലെങ്കിൽ ബ്രാൻഡ് നെയിം പോലുള്ള പൊതുവായ പൊതു സ്വത്വമുള്ള ഒരു ഗ്രൂപ്പിനെ പ്രതിനിധീകരിക്കാൻ ഉപയോഗിക്കുന്ന ഏതൊരു മനുഷ്യനോ, മൃഗമോ, വസ്തുവോ ആണ് മസ്ക്കോട്ട്.
- 1892 മുതൽ യേൽ സർവകലാശാലയുടെ ചിഹ്നമായി പ്രവർത്തിക്കുന്ന ബുൾഡോഗായ ഹാൻഡ്സം ഡാൻ ആയിരുന്നു അമേരിക്കൻ കായിക ചരിത്രത്തിലെ ആദ്യത്തെ മസ്ക്കോട്ട്



HANDSOME DAN



BRUTUS BUCKEYE



MIKE THE TIGER


REVEILLE

- കോളേജിന്റെ വിളിപ്പേര് തീരുമാനിച്ച ശേഷം ആയിരിക്കണം മസ്‌ക്കോട്ടിനെ തീരുമാനിക്കുന്നത്. യേൽ യൂണിവേഴ്‌സിറ്റിയുടെ ടീമിന്റെ വിളിപ്പേര് യേൽ ബുൾഡോഗ്സ് എന്നാണ്. അതിൽ നിന്നാണ് ബുൾഡോഗ് മസ്‌ക്കോട്ടും, ഹാൻഡ്‌സം ഡാൻ എന്ന പേരും വന്നത്.
- മസ്‌കോട്ടും, മസ്‌കോട്ടിൻറെ പേരും മത്സരത്തിലൂടെ തന്നെ കണ്ടെത്താവുന്നതാണ്. പൊതുജനങ്ങളെ പങ്കെടുപ്പിച്ചാൽ കൂടുതൽ മികച്ച മാതൃകകൾ ലഭിക്കും.

## 4) ജേഴ്‌സി ഡിസൈൻ


- ആദ്യം, നിങ്ങളുടെ കോളേജ് ടീമിന്റെ പ്രാഥമിക നിറം തീരുമാനിക്കുക. തുടർന്ന് ജേഴ്‌സി ഡിസൈൻ മത്സരം നടത്താവുന്നതാണ്.
- ഹോം മത്സരങ്ങൾക്കും, എവേ മത്സരങ്ങൾക്കുമായി ജേഴ്‌സികൾ രൂപകൽപ്പന ചെയ്യണം.



## 5) മറ്റ് വ്യക്തിത്വ ഘടകങ്ങൾ

- ടീം ഗാനം, പതാക എന്നിങ്ങനെയുള്ള ഘടകങ്ങളും കോളേജ് സ്പോർട്സ് ക്ലബ് ബ്രാൻഡിന്റെ മൂല്യം വർദ്ധിപ്പിക്കും



## കോളേജ് നിക്ക്നെയിം ഉദാഹരണങ്ങൾ

ഐവി ലീഗ് ടീമുകളുടെ അക്കാദമിക് ലോഗോയും, സ്പോർട്സ് ക്ലബ് ലോഗോയും ചുവടെ ചേർത്തിരിക്കുന്നു.

BROWN UNIVERSITY
BROWN BEARS
COLUMBIA UNIVERSITY
COLUMBIA LIONS
CORNELL UNIVERSITY
CORNELL BIG RED
DARTMOUTH COLLEGE
DARTMOUTH BIG GREEN
HARVARD UNIVERSITY
HARVARD CRIMSON
UNIVERSITY OF PENNSYLVANIA
PENN QUAKERS
PRINCETON UNIVERSITY
PRINCETON TIGERS
YALE UNIVERSITY
YALE BULLDOGS

| അധ്യായം 11 ::

# ഗെയിം ഡേ

കോളേജ് സ്പോർട്സ് ഡേ ദിവസം വീട്ടിലിരിക്കുക അല്ലെങ്കിൽ സുഹൃത്തുക്കളുമായി സിനിമയ്ക്ക് പോവുക എന്നതാണ് നമ്മുടെ കോളേജ് വിദ്യാർത്ഥികളിൽ ഭൂരിഭാഗത്തിന്റേയും പരമ്പരാഗത രീതി. അതിന് അവരെ കുറ്റം പറയാനും പറ്റില്ല. അത്രയ്ക്ക് ദുരന്തമാണ് നമ്മുടെ **കോളേജ് സ്പോർട്സ് ഡേ** എന്ന ആചാരം.

എന്നാൽ അമേരിക്കയിലും, കാനഡയിലും **ഗെയിം ഡേ** എന്നറിയപ്പെടുന്ന കോളേജ് സ്പോർട്സ് മത്സരദിനങ്ങൾ ഉത്സവദിനങ്ങളാണ്. വിദ്യാർത്ഥികളും, രക്ഷകർത്താക്കളും, പൂർവ്വ വിദ്യാർത്ഥികളും, ഭാവി വിദ്യാർത്ഥികളും, തദ്ദേശീയരുമടക്കം ആയിരക്കണക്കിന് ആരാധകർ ഓരോ ഗെയിം ഡേയിലും കാമ്പസിലേയ്ക്ക് ഒഴുകിയെത്തുന്നു. തങ്ങളുടെ പ്രിയപ്പെട്ട ടീമിന്റെ മത്സരം കൂടാതെ ഗെയിംഡേയിൽ കോളേജ് കാമ്പസിൽ നടക്കുന്ന സംഗീത പരിപാടികളും, ഫുഡ് ട്രക്കും, ടെയിൽ ഗേറ്റിംഗ് അടക്കമുള്ള ആഘോഷങ്ങളുമാണ് ആരാധകരെ ഗെയിംഡേയിൽ പങ്കാളികളാകാൻ പ്രചോദിപ്പിക്കുന്നത്.

മുകളിൽ സൂചിപ്പിച്ചതു പോലെയുള്ള ഗെയിം ഡേ നമ്മുടെ കാമ്പസുകളിലും വരണം. കോളേജ് ഡേ, യൂത്ത് ഫെസ്റ്റിവൽ എന്നിവ പോലെ ഓരോ കളി ദിനവും ആംഘോഷിക്കപ്പെടണം.

# ഗെയിം ഡേ ഘടകങ്ങൾ

## 1. കലാകായിക പരിപാടികൾ

ഗാനമേള, പഞ്ചവാദ്യം, ബാൻഡ് മേള, സുംബ എന്നിങ്ങനെ വിവിധ പരിപാടികൾ സംഘടിപ്പിക്കാം. കോളേജിലെ വിദ്യാർത്ഥികളുടെ കഴിവുകൾ ഇതിന് ഉപയോഗപ്പെടുത്താം. ഇല്ലെങ്കിൽ കാമ്പസിനടുത്തുള്ള പങ്കാളികളെ കണ്ടെത്താം. രണ്ടു കൂട്ടർക്കും ഗുണകരമായ വ്യവസ്ഥയിലായിരിക്കണം അവരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടത്.



## 2. ഫുഡ് ട്രക്ക് അല്ലെങ്കിൽ ഭക്ഷ്യമേള

തെരുവു ഭക്ഷണ ട്രക്കുകൾ, ഫാസ്റ്റ് ഫുഡ് ബ്രാൻഡുകൾ, ഐസ്ക്രീം ബ്രാൻഡുകൾ എന്നിങ്ങനെ വിവിധ പങ്കാളികളെ കണ്ടെത്താവുന്നതാണ്



## 3. ടെയിൽ ഗേറ്റിംഗ്

ഒരു സ്പോർട്സ് സ്റ്റേഡിയത്തിലെ കാർ പാർക്കിൽ പാർക്ക് ചെയ്തിരിക്കുന്ന വാഹനത്തിന്റെ പിന്നിൽ നിന്ന് അനൗപചാരികമായി ഭക്ഷണം വിളമ്പുന്ന ഒരു സാമൂഹിക ഒത്തുചേരലാണ് ടെയിൽ ഗേറ്റിംഗ് അഥവാ ടെയിൽ ഗേറ്റ് പാർട്ടി. കാർ ബ്രാൻഡുകളുമായി ചേർന്ന് ജീവനക്കാരുടെ ഇടയിൽ കാർ ബ്രാൻഡുകളെ പരിചയപ്പെടുത്താൻ ജീവനക്കാർക്കായി ടെയിൽ ഗേറ്റിംഗ് നടത്താവുന്നതാണ്.



## 4. കളി ഇടവേള

കളി ഇടവേളകളിൽ ആരാധകർക്കായി മത്സരങ്ങളും, പ്രത്യേക കലാ-കായിക പ്രകടനങ്ങളും നടത്താം. അത് ആരാധകരുടെ ആവേശം വർദ്ധിപ്പിക്കും. ഉദാഹരണം പെനാൽറ്റി ഷൂട്ടൗട്ട്, ഫ്രീസ്റ്റൈൽ ഫുട്ബോൾ, നാടൻ പാട്ട് എന്നിങ്ങനെ പലതും.







DUKE VS NOTRE DAME
GAMEDAY
TIMELINE
6:00 AM COLLEGE GAMEDAY PARKING OPENS
6:30 AM COLLEGE GAMEDAY GATES OPEN
7:45 AM SPORTSCENTER AM LIVE HIT
8:28 AM SPORTSCENTER AM LIVE HIT
8:30 AM COUNTDOWN TO COLLEGE GAMEDAY
9:00 AM COLLEGE GAMEDAY SHOW STARTS
11:58 AM HEADGEAR SELECTION
4:30 PM DEVILSGATE
5:00 PM BLUE DEVIL WALK
5:30 PM GATES OPEN
5:30 PM JR. BLUE DEVILS SKILLS CHALLENGE
7:21 PM FLYOVER
(PRACTICE FIELD BEHIND SCOREBOARD)
9 MINUTES BEFORE KICKOFF LIGHT SHOW
GODUKE.COM/LIGHTSHOW
BEAT NOTRE DAME
DUKE
1

| അധ്യായം 12 ::

# കർട്ടൻ റൈസർ

കോളേജ് സ്പോർട്സ് ലീഗുകളുടെ പശ്ചാത്തലത്തിൽ **"കർട്ടൻ റെയ്സർ"** എന്നത് കോളേജ് സ്പോർട്സ് ലീഗുകളെ വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ, അധ്യാപകർ, സാധാരണക്കാർ, സ്പോൺസർമാർ എന്നിവരെ കോളേജ് സ്പോർട്സ് ലീഗുകൾ എന്താണ് എന്ന് പരിചയപ്പെടുത്തുന്നതിന് കോളേജുകൾ സംഘടിപ്പിക്കേണ്ട വിവിധ പരിപാടികളാണ്.

നമ്മുടെ കർട്ടൻ റെയ്സറിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

- വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ, അധ്യാപകർ, സാധാരണക്കാർ, സ്പോൺസർമാർ എന്നിവരിൽ കോളേജ് സ്പോർട്സ് ലീഗുകളെ കുറിച്ചുള്ള പ്രതീക്ഷയും, ആവേശവും വളർത്തുക
- കോളേജ് സ്പോർട്സ് ലീഗുകളേയും, ടീമുകളേയും, അതിന്റെ പ്രമേയങ്ങളും, വ്യക്തിത്വങ്ങളും പരിചയപ്പെടുത്തുക
- പുതിയ ആരാധകസമൂഹത്തെ സൃഷ്ടിക്കുക

## കർട്ടൻ റൈസർ- ഉദാഹരണങ്ങൾ

താഴെ സൂചിപ്പിക്കുന്ന ഉദാഹരണങ്ങളിൽ ഭൂരിഭാഗവും നിങ്ങൾക്കറിയാവുന്നതോ, നിങ്ങൾ അനുഭവിച്ചിട്ടുള്ളതോ ചിലപ്പോൾ നിങ്ങൾ ചെയ്തിട്ടുള്ളതോ ആയ കാര്യങ്ങളായിരിക്കാം.

1. **ദീപശിഖാ പ്രയാണം**

   ദീപശിഖാ പ്രയാണത്തിന് ആമുഖം ആവശ്യമില്ലല്ലോ? ഒളിമ്പിക്സ്, ഏഷ്യൻ ഗെയിംസ് എന്നിങ്ങനെ ലോകത്തിലെ പ്രമുഖ കായിക മേളകളുടെ പ്രധാന പ്രചാരണ പരിപാടിയാണ് ദീപശിഖാ പ്രയാണം. ഇതിന് തത്തുല്യമായി ട്രോഫി പ്രയാണം, മസ്ക്കോട്ട് പ്രയാണം എന്നിവ നടത്താം.



2. **ബൈക്ക് റാലി, സൈക്കിൾ റാലി**

   കോളേജിലെ വിദ്യാർത്ഥികളുടെ ബൈക്ക് റാലിയും, സൈക്കിൾ റാലിയും നടത്താം. മോട്ടോർ സൈക്കിൾ

ക്ലബുകളേയും, സൈക്കിളിംഗ് ക്ലബുകളേയും ഇതിൽ പങ്കാളികളാക്കാം.



### 3. ഫൺ റൺ, കൂട്ടയോട്ടം

കാമ്പസിന്റെ ചുറ്റുവട്ടത്തിലുള്ള റണ്ണേഴ്സ് ക്ലബുകളുമായി ചേർന്ന് ഫൺറണ്ണും, കൂട്ടയോട്ടവും, കൂട്ട നടത്തവുമെല്ലാം സംഘടിപ്പിക്കാവുന്നതാണ്.



## 4. മറ്റ് പ്രചരണ പരിപാടികൾ

നിങ്ങളുടെ ക്രിയാത്മകത ഉപയോഗിച്ച് പൊതുജനത്തിന്റേയും, മാധ്യമങ്ങളുടേയും ശ്രദ്ധ ആകർഷിക്കുന്ന വിവിധ പ്രചാരണ പരിപാടികൾ നിങ്ങൾക്ക് സംഘടിപ്പിക്കാൻ സാധിക്കും.




ഓർമിക്കുക .... ഐ പി എല്ലിൽ കാണികളെ ആകർഷിക്കാൻ ഉപയോഗിക്കുന്ന **ചിയർ ലീഡിംഗ്** എന്നത് കോളേജ് സ്പോർട്സിലെ ഗെയിം ഡേയുടെ ആകർഷകത വർദ്ധിപ്പിക്കാൻ വിദ്യാർത്ഥികൾ ആരംഭിച്ച പ്രവർത്തനമാണ്.

| അധ്യായം 13 ::

# റോഡ് ഗെയിം

ഒരു ടീമിന്റെ സ്വന്തം ഗ്രൗണ്ടിൽ വച്ച് നടക്കുന്ന മത്സരത്തെയാണ് **ഹോം മത്സരങ്ങൾ** എന്നു പറയുന്നത്. എതിരാളികളുടെ ഗ്രൗണ്ടിൽ വച്ച് നടക്കുന്ന മത്സരത്തെ **എവേ ഗെയിം** അല്ലെങ്കിൽ **റോഡ് ഗെയിം** എന്നു പറയുന്നു.

## റോഡ് ട്രിപ്പ്

എവേ മത്സരത്തിൽ തങ്ങളുടെ ടീമിനെ പ്രോത്സാഹിപ്പിക്കാനായി ആരാധകർ ടീമിനൊപ്പമോ, അല്ലാതെയോ എതിർ ടീമിന്റെ ഗ്രൗണ്ടിലേയ്ക്ക് നടത്തുന്ന യാത്രയാണ് **റോഡ് ട്രിപ്പ്**. സ്പോർട്സ് ടൂറിസത്തിന്റെ ഒരു സവിശേഷ ഘടകമാണിത്.



# പെപ് റാലി

സ്വന്തം ടീമിനെ ഒരു മത്സരത്തിനു മുമ്പ് പ്രചോദിപ്പിക്കാൻ ആരാധകർ നടത്തുന്ന പ്രത്യേക യോഗമാണ് **പെപ് റാലി, പെപ് അസംബ്ലി** അല്ലെങ്കിൽ **പെപ് സെഷൻ** എന്നറിയപ്പെടുന്നത്. ടീമിനെ പ്രോത്സാഹിപ്പിക്കുന്നതിനും, അവരുടെ ആവേശം വർദ്ധിപ്പിക്കുന്നതിനും, അവരുടെ ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ ആത്മവിശ്വാസം നൽകുന്നതിനും അവ ഉപയോഗിക്കുന്നു. ഒരു മത്സപത്തിനു ശേഷം വിജയം ആഘോഷിക്കാനും പെപ് റാലി നടത്താം.

പെപ് റാലികളിൽ ജനക്കൂട്ടത്തിന്റെ ശ്രദ്ധ ആകർഷിക്കുന്നതിനായി ഡിസ്കോ ലൈറ്റുകൾ പോലുള്ള മിന്നുന്ന ലൈറ്റുകളും, ടീം ജേഴ്സിയും, പതാകയും, പോം പോംസ്, എയർ ഹോണുകൾ എന്നിവ ധാരാളമായി ഉപയോഗിക്കാം.

| 2022-23 FOOTBALL STUDENT SPIRIT THEMES | | |
|---|---|---|
| AUGUST 26TH @ 7 PM (HOME) | Building Champions to Demolish Slaton Tigers | Dress Like Construction Workers |
| SEPTEMBER 2ND @ 7 PM (AWAY) | Lei Out the Lobos | Hawaiian Day (Feel free to wear green and white in memory of Zavier Dominguez) |
| SEPTEMBER 9TH @ 7 PM (HOME) | Rewind the Raiders the Tigers are Back | Throw It Back to the 90's & Neon |
| SEPTEMBER 16TH @ 7 PM (AWAY) | Night, Night Loboes | Wear Your PJ's (must follow dress code) |
| SEPTEMBER 23RD @ 7 PM (AWAY) | It's a Tiger Fiesta, Adios Steers! | Dress to Have a Fiesta |
| SEPTEMBER 30TH @ 7 PM (HOME) | Maul the Eagles | Extreme Black and Gold |
| OCTOBER 7TH @ 7 PM (AWAY) | ROPE THE RANGERS | Dress Western |
| OCTOBER 14TH @ 7 PM (HOME) | Bring on the Pink Tough, Enough | Dress Your Best Barbie Pink |
| OCTOBER 21ST @ 7 PM (AWAY) | WHAM! Make Em See Stars POW! | Dress Like Your Favorite Super Hero |
| NOVEMBER 4TH @ 7 PM (HOME) | Black Out Knock Out We're Out | Dress Like Your Favorite Movie Character (Senior Pep Rally) |

**| അധ്യായം 14 ::**

# മെർച്ചണ്ടൈസിംഗ് മാനേജ്മെന്റ്

കോളേജ് സ്പോർട്സ് ക്ലബ്ബിനെ ബ്രാൻഡ് ചെയ്യുന്നതിലൂടെ കോളേജുകൾക്ക് തങ്ങളുടെ ക്ലബുകളുടെ ബ്രാൻഡുകളിലുള്ള വിവിധ ഉത്പന്നങ്ങൾ വിപണനം ചെയ്യാൻ കഴിയും. നിലവിലെ വിദ്യാർത്ഥികൾക്ക് പുറമേ, പൂർവ്വ വിദ്യാർത്ഥികൾ, ഭാവി വിദ്യാർത്ഥികൾ, നാട്ടുകാർ, എന്തിന് കോളേജിനെ അറിയാത്ത ആളുകൾ പോലും അത്തരം ഉത്പന്നങ്ങൾ വാങ്ങും.

കോളേജ് സ്റ്റോറിലൂടേയും, കോ-ബ്രാൻഡിങ്ങിലൂടേയും, ഓൺലൈനായുമെല്ലാം തന്നെ ഇത്തരം ഉത്പന്നങ്ങൾ വിൽക്കാവുന്നതാണ്. കൊമേഴ്സ് അല്ലെങ്കിൽ മാനേജ്മെന്റ് ഡിപാർട്മെന്റിന് ഇത്തരം സംരംഭങ്ങൾ നടത്താവുന്നതാണ്.




PLAYERNAME
23
Jacks
24
LASTNAME
15


YOUR SHOP.
WOOTER
23
WOOTER
WOOTER
23
WOOTER

| അധ്യായം 15 ::


# സ്പോൺസർഷിപ്പ്

കോളേജ് സ്പോർട്സ് ലീഗ് ബ്രാൻഡുകൾക്ക് അവരുടെ ഭാവി ഉപഭോക്താക്കളും കുടുംബങ്ങളുമായ ആയിരക്കണക്കിന് കോളേജ് വിദ്യാർത്ഥികളുടെ ഹൃദയങ്ങളിൽ എത്തിച്ചേരാനുള്ള മികച്ച അവസരമാണ്. നിലവിൽ, ഈ വിദ്യാർത്ഥികൾ പല വാങ്ങൽ തീരുമാനങ്ങളിലും അവരുടെ കുടുംബങ്ങളെ സ്വാധീനിക്കുന്നു.

കോളേജ് സ്പോർട്സ് ലീഗുകളെയും കോളേജ് സ്പോർട്സ് ടീമുകളെയും സ്പോൺസർ ചെയ്യുന്നതിലൂടെ, ബ്രാൻഡുകൾക്ക് നേരിട്ട് കാമ്പസുകളിൽ എത്തിച്ചേരാനും നിരവധി ഇടപഴകൽ പ്രവർത്തനങ്ങളിലൂടെ ഈ വിദ്യാർത്ഥികളുടെ ഹൃദയങ്ങളിൽ എത്തിച്ചേരാനും കഴിയും. ക്യാമ്പസുകളിലും, സമീപ പ്രദേശങ്ങളിലും, യുവ ഹൃദയങ്ങളിലും, പൂർവ്വ വിദ്യാർത്ഥികൾക്കിടയിലും വർഷം മുഴുവൻ ബ്രാൻഡ് സാന്നിധ്യം നേടാൻ ലീഗ് ഫോർമാറ്റ് ബ്രാൻഡുകളെ സഹായിക്കും.

നിലവിൽ കോളജുകളിൽ നടക്കുന്ന വിവിധ കലാ കായിക സാഹിത്യ പരിപാടികളെ സ്പോൺസറു ചെയ്യുമ്പോൾ കുറഞ്ഞ ദിവസങ്ങൾ മാത്രമാണ് സ്പോൺസർമാരുടെ ബ്രാൻഡുകളും, പരസ്യങ്ങളും പ്രദർശിപ്പിക്കപ്പെടുന്നത്. എന്നാൽ കാമ്പസിനകത്തും, പുറത്തും, സാമൂഹിക മാധ്യമങ്ങളിലും, പരമ്പരാഗത മാധ്യമങ്ങളിലുമായി വർഷം മുഴുവനും സ്പോൺസർമാരുടെ ബ്രാൻഡ് പ്രദർശിപ്പിക്കപ്പെടും.

കൂടാതെ കോളേജ് സ്പോർട്സ് ലീഗുകളുടെ **സ്പോർട്സ്വെർടൈസിംഗ് (sportsvertising)** എന്ന പ്രക്രിയയുടെ ഭാഗമായി നിരവധി പ്രചരണ പരിപാടികൾ വർഷം മുഴുവനും നടക്കും. ഇക്കാര്യങ്ങൾ കോളേജ് സ്പോർട്സ് ലീഗ് മാർക്കറ്റിംഗ് കൈപുസ്തകമായ **ഇൻവെസ്റ്റ് ഇൻ കോളേജ് സ്പോർട്സി**ൽ വിശദീകരിക്കുന്നു.



| അധ്യായം 16 ::

# പ്രവർത്തന തത്വങ്ങൾ

കോളേജ് സ്പോർട്സ് ലീഗുകളുടെ വിജയകരമായ നടത്തിപ്പിനുള്ള പ്രവർത്തന തത്വങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

## 1. സഹകരണവും മത്സരവും

- വിദ്യാർത്ഥികൾക്ക് മികച്ച കായിക അനുഭവം നൽകുന്നതിന് കോളേജുകൾ ഒരുമിച്ച് പ്രവർത്തിക്കുകയും, പരസ്പരം മത്സരിക്കുകയും വേണം.
- ഹോം കോളേജുകൾ എവേ ടീമിനും, അവരുടെ ആരാധകർക്കും മികച്ച ആതിഥ്യമര്യാദയും, സൌകര്യങ്ങളും, സുരക്ഷയും ഉറപ്പാക്കണം.
- എവേ ടീമുകളെ ശല്യപ്പെടുത്തുന്നതിനായി ഹോം ടീമുകൾ പൊതുവിൽ ഉപയോഗിക്കുന്ന എല്ലാ വിസിറ്റിംഗ് ടീം റൂം സ്ട്രാറ്റജികളും ഒഴിവാക്കണം.

## 2. സ്ഥാപനപരമായ നിയന്ത്രണവും, ഉത്തരവാദിത്തവും

- കോളേജ് സ്പോർട്സ് ലീഗുകളുടെ സംഘാടകരുടെ ചട്ടങ്ങൾക്കും, നിർദ്ദേശങ്ങൾക്കും അനുസൃതമായി

കോളേജ് സ്പോർട്സ് പ്രോഗ്രാം നിയന്ത്രിക്കേണ്ടത് ഓരോ അംഗ കോളേജിന്റേയും ഉത്തരവാദിത്തമാണ്.


- ബജറ്റ് അംഗീകാരവും, എല്ലാ ചെലവുകളുടെയും ഓഡിറ്റും ഉൾപ്പെടെ കോളേജ് സ്പോർട്സ് പ്രോഗ്രാമിന്റെ എല്ലാ വശങ്ങളുടേയും ഭരണനിർവ്വഹണത്തിന്റെ ഉത്തരവാദിത്തം സ്ഥാപന മേധാവിക്കാണ്.

## 3. വിദ്യാർത്ഥി-അത്‌ലറ്റ് ക്ഷേമം

- വിദ്യാർത്ഥി-അത്‌ലറ്റുകളുടെ പൊതുവായ ശാരീരികവും, വിദ്യാഭ്യാസപരവുമായ ക്ഷേമം സംരക്ഷിക്കുന്നതിനും, മെച്ചപ്പെടുത്തുന്നതിനും സഹായിക്കുന്ന രീതിയിലായിരിക്കണം കോളേജ് സ്പോർട്സ് പ്രോഗ്രാം നടത്തുന്നത്
- ഓരോ അംഗ കോളേജും വിദ്യാർത്ഥി-അത്‌ലറ്റ് പ്രവർത്തനങ്ങൾ അവരുടെ വിദ്യാഭ്യാസ അനുഭവത്തിന്റെ അവിഭാജ്യ ഘടകമാകുന്ന രീതിയിലുള്ള അന്തരീക്ഷം സ്ഥാപിക്കുകയും, പരിപാലിക്കുകയും വേണം.
- വിദ്യാർത്ഥി-അത്‌ലറ്റുകളുമായുള്ള ബന്ധത്തിൽ പരിശീലകരും, നടത്തിപ്പുകാരും നീതി, തുറന്ന മനസ്സ്, സത്യസന്ധത എന്നിവ പ്രകടിപ്പിക്കുന്നുവെന്ന് ഉറപ്പാക്കുക ഓരോ അംഗ സ്ഥാപനത്തിന്റെയും ഉത്തരവാദിത്തമാണ്.

## 4. ലിംഗസമത്വം

- ലിംഗസമത്വം സംബന്ധിച്ച നിയമങ്ങൾ പാലിക്കേണ്ടത് ഓരോ അംഗ സ്ഥാപനത്തിന്റെയും ഉത്തരവാദിത്തമാണ്.
- ലീഗിന്റെ പ്രവർത്തനങ്ങൾ ലിംഗ പക്ഷപാതരഹിതമായ രീതിയിലാണ് നടത്തേണ്ടത്.



EQUALITY EQUITY

Equity aims to ensure that all people have equal opportunities considering their differences.
This concept should also be applied to gender issues.

## 5. കായികക്ഷമതയും ധാർമ്മിക പെരുമാറ്റവും

- കോളേജ് സ്പോർട്സ് ലീഗുകളിൽ പങ്കെടുക്കുന്നവരുടെ സ്വഭാവവികസനം പ്രോത്സാഹിപ്പിക്കുന്നതിന്, കോളേജ് സ്പോർട്സ് പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട എല്ലാവരും ബഹുമാനം, നീതി, സഭ്യത, സത്യസന്ധത, ഉത്തരവാദിത്തം തുടങ്ങിയ അടിസ്ഥാന മൂല്യങ്ങൾ പാലിക്കണം.
- ഈ മൂല്യങ്ങൾ കായിക പങ്കാളിത്തത്തിൽ മാത്രമല്ല, കോളേജ് സ്പോർട്സ് പ്രോഗ്രാമിനെ ബാധിക്കുന്ന വിശാലമായ പ്രവർത്തനങ്ങളിലും പ്രകടമാകണം.

- വിദ്യാഭ്യാസ ദൌത്യത്തിനും, സ്ഥാപനത്തിന്റെ ലക്ഷ്യങ്ങൾക്കും അനുസൃതമായി കോളേജ് സ്പോർട്സ് ലീഗുകളിൽ കായികക്ഷമതയ്ക്കും, ധാർമ്മിക പെരുമാറ്റത്തിനും നയങ്ങൾ സ്ഥാപിക്കേണ്ടത് ഓരോ സ്ഥാപനത്തിന്റെയും ഉത്തരവാദിത്തമാണ്.

## 6. മികച്ച അക്കാദമിക മാനദണ്ഡങ്ങൾ

- കോളേജ് സ്പോർട്സ് പ്രോഗ്രാമുകൾ വിദ്യാഭ്യാസ പരിപാടിയുടെ സുപ്രധാന ഘടകമായി നിലനിർത്തുകയും വിദ്യാർത്ഥി അത്‌ലറ്റുകൾ വിദ്യാർത്ഥി സമൂഹത്തിലെ അവിഭാജ്യ ഘടകമായിരിക്കുകയും ചെയ്യണം.
- വിദ്യാർത്ഥി അത്‌ലറ്റുകളുടെ പ്രവേശനം, അക്കാദമിക് നിലവാരം, അക്കാദമിക് പുരോഗതി എന്നിവ പൊതുവെ വിദ്യാർത്ഥി സമൂഹത്തിനായി സ്ഥാപനം സ്വീകരിക്കുന്ന നയങ്ങൾക്കും, മാനദണ്ഡങ്ങൾക്കും അനുസൃതമായിരിക്കണം.
- ബിരുദത്തിന്റെ സാധാരണ പുരോഗതിക്കുള്ള ആവശ്യകതകൾ വിദ്യാർത്ഥികൾ തുടർച്ചയായി നിറവേറ്റണം.
- ഓരോ അനുയോജ്യമായ സെമസ്റ്ററിന്റെയും അവസാനത്തിൽ നിശ്ചിത എണ്ണം ക്രെഡിറ്റുകൾ നേടിയിട്ടുണ്ടെങ്കിൽ മാത്രമേ ഒരു വിദ്യാർത്ഥി-അത്‌ലറ്റ് കോളേജ് സ്പോർട്സ് ലീഗിൽ കോളേജിനെ പ്രതിനിധീകരിക്കാൻ യോഗ്യത നേടുകയുള്ളൂ.

| അധ്യായം 17 ::

# കോളേജ് സ്പോർട്സ് ലീഗുകളുടെ നാൾവഴി

## 2018

**2018**- സ്പോർട്സ് & മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (SMRI) അവരുടെ "ഒരു സാധാരണ ഇന്ത്യക്കാരൻ ചോദിക്കാൻ ഭയപ്പെടുന്ന 10 ചോദ്യങ്ങൾ" എന്നതിൽ ഒരു പുതിയ ചോദ്യം കൂട്ടിച്ചേർക്കുന്നു- **"യുഎസ്എ മോഡൽ കോളേജ് സ്പോർട്സ് ഇൻഡസ്ട്രി ഇന്ത്യയ്ക്ക് എന്തുകൊണ്ട് ആരംഭിക്കാൻ കഴിയില്ല?"**

## 2019

**2019**- ഇന്ത്യയിലെ **കോളേജ് സ്പോർട്സ് ലീഗുകൾക്കുള്ള ബിസിനസ് പ്ലാൻ** സ്പോർട്സ് & മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (SMRI) തയ്യാറാക്കുന്നു

## 2020

**2020**- കോളേജ് സ്പോർട്സ് ലീഗുകൾ ആരംഭിക്കുന്നതിനായി സ്പോർട്സ് & മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (SMRI) ഇന്ത്യയിലുടനീളമുള്ള വിവിധ സർവകലാശാലകളുമായും സർക്കാരുകളുമായും ചർച്ചകൾ ആരംഭിക്കുന്നു.

## 2022

**2022 ആഗസ്റ്റ് 26-** സ്പോർട്സ് & മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (SMRI) തമിഴ്നാട്ടിലെ കോളേജുകൾക്കായി കോളേജ് സ്പോർട്സ് ലീഗുകൾ ആരംഭിക്കുന്നതിനുള്ള യോഗം തിരുച്ചിറപ്പള്ളിയിൽ വച്ച് നടത്തുന്നു.



## 2023

**2023 ഫെബ്രുവരി 7**- സിജിൻ ബി ടി, ഡോ. ഇന്ദുലേഖ ആർ എന്നിവർ എഴുതിയ കോളേജ് സ്പോർട്സ് വ്യവസായത്തെക്കുറിച്ചുള്ള **'സ്റ്റഡി ഇൻ ഇന്ത്യ - ഹൗ കോളേജ് സ്പോർട്സ് കാൻ ചേഞ്ച് ഇന്ത്യൻ കാമ്പസ്'** പുസ്തകം പ്രകാശനം ചെയ്തു



**2023 ജൂൺ 12**- കോളേജ് സ്പോർട്സ് ലീഗുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി സ്പോർട്സ് & മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (എസ്എംആർഐ) നേതൃത്വത്തിൽ രൂപീകരിച്ച **കോളേജ് സ്പോർട്സ് അസോസിയേഷന്റെ** ഉദ്ഘാടനം.

# കോളജ് സ്പോർട്സ് വരുന്നു; കായിക മേഖലക്ക് മുതൽക്കൂട്ടാകും

ഷാജി ഇടപ്പള്ളി

കൊച്ചി: ഉന്നത വിദ്യാഭ്യാസ രംഗത്തും കായിക മേഖലയ്ക്കും വളരെയേറെ മുതൽക്കൂട്ടാകുന്ന കോളജ് സ്പോർട്സ് കേരളത്തിലും. വിദ്യാഭ്യാസ, കായിക, ബിസിനസ്, സാങ്കേതിക മേഖലകളിൽ അമേരിക്കയുടെ വളർച്ചയിൽ നിർണായകമായ പങ്ക് വഹിച്ചിട്ടുള്ളതാണ് അമേരിക്കൻ കോളജ് സ്പോർട്സ്. ഇതിന് ചുവടുപിടിച്ചുകൊണ്ട് സ്പോർട്സ് ആൻഡ് മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (എസ്എംആർഐ ) മാർഗനിർദേശ പ്രകാരം ദക്ഷിണേന്ത്യയിലെ നാലു പ്രധാനപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ ചേർന്ന് കോളജ് സ്പോർട്സ് അസോസിയേഷൻ (കോസ്പോർട്സ് ) രൂപീകരിക്കുന്നു.

അമേരിക്കയിലെയും കാനഡയിലെയും കായിക മേഖലയിലെ പ്രധാന ബിസിനസുകളിൽ ഒന്നാണ് കോളജ് സ്പോർട്സ്. സ്പോർട്സ് ലീഗുകൾക്കൊപ്പം തന്നെ ഈ രാജ്യങ്ങളിൽ കോളജ് സ്പോർട്സിനും പ്രാധാന്യമുണ്ട്. 2017 ൽ അമേരിക്കയിലെ കോളജ് സ്പോർട്സിന്റെ ആകെ വരുമാനം 14.1 ബില്യൺ ഡോളറായിരുന്നു. കോളജുകൾക്ക് ആവശ്യത്തിന് മികച്ച കളിക്കളങ്ങളും കായിക താരങ്ങളും പരിശീലകരുമുണ്ട്. അവരെ ഫലപ്രദമായി വിനിയോഗിച്ചാൽ ഈ രംഗത്ത് മികച്ച നേട്ടം കൈവരിക്കാനാവുമെന്ന് കായികതാരവും കോളജ് സ്പോർട്സ് അസോസിയേഷൻ സെക്രട്ടറിയുമായ സിജിൻ ബി ടി പറഞ്ഞു.

1843 ൽ അമേരിക്കയിലെ യേൽ യൂണിവേഴ്സിറ്റി ആരംഭിച്ച ബോട്ട് ക്ലബ്ബാണ് ലോകത്തിലെ ആദ്യത്തെ സംഘടിത കോളജ് സ്പോർട്സ് ക്ലബ്. തുടർന്ന് 1844 ൽ ഹാർവാഡ് യൂണിവേഴ്സിറ്റിയും ബോട്ട് ക്ലബ് ആരംഭിക്കുകയുണ്ടായി. ഈ കോളജ് ക്ലബുകൾ തമ്മിൽ 1852 ൽ ആരംഭിച്ച തുഴച്ചിൽ മത്സരങ്ങളാണ് ആദ്യത്തെ ഇന്റർ കോളജിയറ്റ് മത്സരങ്ങളായും ചരിത്രത്തിൽ ഇടംപിടിച്ചത്. കോളജുകളിൽ ആരംഭിക്കുന്ന സ്പോർട്സ് ക്ലബ്ബുകൾ സ്റ്റാർട്ടപ്പുകളായും പ്രവർത്തിക്കും. ബ്രോഡ്കാസ്റ്റിങ്, സ്പോൺസർഷിപ്പ്, ലൈസൻസിങ് ഫീസ് സംഭാവനകൾ, ടിക്കറ്റ് വില്പന, വിവിധ കളിയനുബന്ധ വസ്തുക്കളുടെ വില്പന തുടങ്ങിയ പല രീതികളിലും വരുമാനം ഉണ്ടാക്കാനാവും.


ഷൻസ് തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 16 കോളജുകളെ ഉൾപ്പെടുത്തിയാണ് കോളജ് സ്പോർട്സ് ആരംഭിക്കുന്നത്. ജൂൺ 12 ന് ഇതിന്റെ ഉദ്ഘാടനം നടക്കും. സെപ്റ്റംബറിൽ ഹോം ആന്റ് എവേ ഫോർമാറ്റിൽ കോളജ് ഫുട്ബോൾ ലീഗ് സംഘടിപ്പിക്കും.

തുടർന്ന് ക്രിക്കറ്റ്, വോളിബോൾ,




Cosports
COLLEGE SPORTS ASSOCIATION
STUDY • PLAY • EXCEL

**2024 ജനുവരി 24**- തിരുവനന്തപുരത്ത് നടന്ന **ഇന്റർനാഷണൽ സ്പോർട്സ് സമ്മിറ്റ് കേരള (ഐഎസ്എസ്കെ 2024)** സ്പോർട്സ് & മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (എസ്എംആർഐ) കോളേജ് സ്പോർട്സ് ലീഗുകൾ എന്ന പ്രോജക്റ്റ് അവതരിപ്പിക്കുന്നു.



**2024 ഫെബ്രുവരി 28**- സ്പോർട്സ് & മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (എസ്എംആർഐ) തൃശ്ശൂരിലെ മാളയിലുള്ള ഹോളി ഗ്രേസ് ഇൻസ്റ്റിറ്റ്യൂഷനിൽ **ഇന്ത്യയിലെ ആദ്യത്തെ കോളേജ് സ്പോർട്സ് ഗെയിം ഡേ** നടത്തുന്നു.



**2024 നവംബർ 21-** തിരുവനന്തപുരത്ത് **കോളേജ് സ്പോർട്സ് ലീഗ് കേരളയുടെ ലോഗോ പ്രകാശനം.**








## കോളജ് വിദ്യാർഥികൾക്ക് സ്പോർട്സ് ലീഗ് ; ലോഗോ പ്രകാശിപ്പിച്ചു

തിരുവനന്തപുരം● കായിക-ഉന്നത വിദ്യാഭ്യാസ വകുപ്പുകൾ സംഘടിപ്പിക്കുന്ന കോളജ് സ്പോർട്സ് ലീഗിന്റെ ലോഗോ മന്ത്രിമാരായ വി. അബ്ദുറഹിമാനും ആർ. ബിന്ദുവും ചേർന്ന് പ്രകാശനം ചെയ്തു. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളെ ബാധിക്കാത്ത വിധത്തിൽ ലീഗിന്റെ ഷെഡ്യൂൾ പിന്നീട് പ്രഖ്യാപിക്കുമെന്നു മന്ത്രിമാർ അറിയിച്ചു. എല്ലാ കോളജിലും സ്പോർട്സ് ക്ലബ്ബുകൾ ഉടൻ രൂപീകരിക്കും. ആദ്യ ലീഗിൽ ഫുട്ബോൾ, ക്രിക്കറ്റ്, വോളിബോൾ, കബഡി മത്സരങ്ങളുണ്ട്. ജില്ല, മേഖല, സംസ്ഥാന തലങ്ങളിലാണു മത്സരങ്ങൾ.

ഓരോ ഇനത്തിലും 4 ടീമുകളെ വീതം ജില്ലാ ലീഗിലേക്കു തിരഞ്ഞെടുക്കും. ഇതിൽ നിന്നുള്ള 4 ടീമുകൾ മേഖലാ തലത്തിലും അവിടുത്തെ ജേതാക്കൾ സംസ്ഥാന തലത്തിലും മത്സരിക്കും. ചാംപ്യൻമാർക്ക് കാഷ് അവാർഡുണ്ട്. കായിക ഉച്ചകോടിയിൽ സ്പോർട്സ് ആൻഡ് മാനേജ്മെന്റ് റിസർച് ഇൻസ്റ്റിറ്റ്യൂട്ടാണ് കോളജ് ലീഗ് എന്ന പദ്ധതി അവതരിപ്പിച്ചത്.


SIJIN BT
DR INDULEKHA R
STUDY IN INDIA
HOW
COLLEGE
SPORTS
CAN CHANGE
INDIAN
CAMPUS
The first whistle
for the beginning of
COLLEGE SPORTS INDUSTRY
in INDIA
SPORTS & MANAGEMENT
RESEARCH INSTITUTE


സ്പോർട്സിനെ കുറിച്ചുള്ള
നിങ്ങളുടെ കാഴ്ചപ്പാടുകളെ
മാറ്റിമറിയ്ക്കുന്ന പുസ്തകം.
LIWING
WRITING
കോപ്പിലെ
കളി
സിജിൻ ബി ടി
ഡോ ഇന്ദുലേഖ ആർ
SPORTS & MANAGEMENT
RESEARCH INSTITUTE


കായിക
വിപ്ലവം
സിജിൻ ബി ടി
SPORTS & MANAGEMENT
RESEARCH INSTITUTE
LIWING
WRITING


SPORTS CAREER
ഡോ. ഇന്ദുലേഖ ആർ
സ്പോർട്സ്
കരിയർ
കായികമേഖലയിൽ
നിങ്ങൾക്കറിയാത്ത
തൊഴിലവസരങ്ങൾ
LIWING
WRITING
SPORTS & MANAGEMENT
RESEARCH INSTITUTE

| അധ്യായം 18 ::

# കേരളം എന്ന മാതൃക

ഭൂപരിഷ്കരണം, സാർവത്രിക വിദ്യാഭ്യാസം, ഗ്രന്ഥശാലാ പ്രസ്ഥാനം, സാക്ഷരതാ പ്രസ്ഥാനം, കുടുംബശ്രീ എന്നിങ്ങനെ ജീവിതത്തിന്റെ വിവിധ മേഖലകളിൽ ലോകത്തിനു തന്നെ മാതൃകയായ സാമൂഹിക വിപ്ലവങ്ങളുടെ നാടാണ് കേരളം. ആ കേരളം ഇന്ന് മറ്റൊരു സാമൂഹിക വിപ്ലവത്തിന് തയ്യാറെടുക്കുകയാണ്. അതാണ് **കോളേജ് സ്പോർട്സ് ലീഗ് കേരള.**

ഇത് കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിലും, കായികരംഗത്തും, സ്കൂൾ വിദ്യാഭ്യാസരംഗത്തും എന്തിന് ആരോഗ്യം, സാമ്പത്തികം, നൈപുണ്യ വികസനം എന്നീ മേഖലകളിലും ദൂരവ്യാപകമായ വിപ്ലവകരമായ മാറ്റങ്ങൾ അടുത്ത ഒരു ദശാബ്ദത്തിനിടയിൽ കൊണ്ടുവരും.

**"എന്തു കൊണ്ട് അമേരിക്കൻ മോഡൽ കോളേജ് സ്പോർട്സ് ഇന്ത്യയിലും ആരംഭിച്ചു കൂടാ?"** എന്ന ഒരു ചോദ്യത്തിൽ നിന്ന് ആരംഭിച്ച ഈ പ്രൊജക്റ്റിൽ ധാരാളം വ്യക്തികൾ അഭിനന്ദവും, കൃതജ്ഞതയും അർഹിക്കുന്ന സംഭാവനകൾ നൽകിയിട്ടുണ്ട്. എസ്. എം. ആർ. ഐയുടെ ടീമംഗങ്ങളായിരുന്ന **ശീതൾ, റസീന ഇക്ബാൽ** എന്നിവരുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങളാണ് ഈ പ്രൊജക്റ്റിന് മികച്ച അടിത്തറ നൽകിയത്. എസ് എം ആർ ഐയുടെ ഓപ്പറേഷൻസ് ഹെഡും, സ്പോർട്സ് സൈക്കോളജിസ്റ്റുമായ **മൃദുല ബി പൈ**യുടെ

ശക്തമായ നേതൃത്വമാണ് ഈ പ്രൊജക്ടിനെ പ്രായോഗിക തലങ്ങളിൽ പരീക്ഷിച്ച് മികവുറ്റതാക്കിയത്.



ശീതൾ



മൃദുല ബി പൈ

**ഡോ. നിർമല ലില്ലി** കേരള മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റായിരിക്കുന്ന കാലഘട്ടത്തിലാണ് ഇലാഹിയ കോളേജിലെ എം.ബി.എ ഡിപാർട്ട്മെന്റ് ഹെഡായ **ഡോ. ഹബീബ് റഹ്മാനെ** പരിചയപ്പെടുത്തുന്നത്. അദ്ദേഹമാണ് ഈ പ്രൊജക്ടിനെ കേരളത്തിലെ കോളേജ് തലത്തിൽ പരീക്ഷിക്കുവാൻ അവസരമൊരുക്കിയത്. മൂവാറ്റുപുഴ ഇലാഹിയ കോളജിലെ **പി.എച്ച് മുനീർ**, മാള ഹോളി ഗ്രേസ് കോളേജിലെ **ബെന്നി ജോൺ** എന്നിവരുടെ സഹകരണം കോളേജ് തല പരീക്ഷണത്തിന് സഹായകരമായി.

റസീന ഇക്ബാലിന്റെയും, മൃദുല ബി. പൈയുടേയും നേതൃത്വത്തിൽ നടന്ന ഈ കോളജ് തല പരീക്ഷണമാണ് കോളേജ് സ്പോർട്സ് ലീഗ് പ്രൊജക്ട് ഇന്ത്യയിൽ നടപ്പിലാക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചില പ്രധാന കാര്യങ്ങളെ കുറിച്ചുള്ള ഉൾക്കാഴ്ച നൽകിയത്.

**ഇന്റർനാഷണൽ സ്പോർട്സ് സമ്മിറ്റ് കേരള (ISSK 2024)** യുടെ പ്രധാന സംഘാടകനായ **സെബിൻ പൗലോസാ**ണ് എസ്.എം.

ആർ. ഐയെ സമ്മിറ്റിലേയ്ക്ക് ക്ഷണിക്കുന്നത്. കോളേജ് സ്പോർട്സ് ലീഗ്, സ്കൂൾ സ്പോർട്സ് ലീഗ്, ആരാധ ഉടമസ്ഥതയിലുള്ള സഹകരണ സ്പോർട്സ് ക്ലബുകൾ എന്നിവയുൾപ്പെടെ പത്ത് പ്രൊജക്ടുകൾ എസ്.എം. ആർ. ഐ സമ്മിറ്റിൽ അവതരിപ്പിച്ചു.

സാധാരണയായി വിവിധ സംസ്ഥാന സർക്കാരുകൾക്കും, സർവകലാശാലകൾക്കും ഈ പ്രൊജക്ട് അയച്ചു കൊടുക്കുമ്പോൾ കിട്ടിയിരുന്ന മറുപടി "ഈ സംവിധാനം ഇപ്പോൾ തന്നെ ഞങ്ങളുടെ സർവകലാശാലകളിൽ നിലവിലുണ്ട് " എന്ന നുണയായിരുന്നു. ഒരിക്കലും ഭരണ നേതൃത്വത്തിനു മുന്നിൽ ഇത് അവതരിപ്പിക്കാൻ അവസരം കിട്ടിയിരുന്നില്ല.

എന്നാൽ ഭരണ നേതൃത്വത്തിനു മുന്നിൽ ഈ ആശയം അവതരിപ്പിക്കാനും, ചർച്ച ചെയ്യാനും, അത് നടപ്പിലാക്കാനുമുള്ള അസാധാരണമായ അവസരമാണ് കേരള സർക്കാരിന്റെ ISSK 2024 നൽകിയത്.

കോളേജ് സ്പോർട്സ് ഞങ്ങളുടെ കീഴിലല്ല എന്നു പറഞ്ഞിരുന്ന കായിക വകുപ്പിന്റേയും, കായിക വകുപ്പിന് കോളേജുകളിലെന്ത് കാര്യം എന്ന് ചോദിച്ചിരുന്ന ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും



വി അബ്ദുറഹിമാൻ



ഡോ ആർ ബിന്ദു

ശൈലി മാറ്റി കോളേജ് സ്പോർട്സ് ലീഗുകൾ നടപ്പിലാക്കാൻ മുൻകൈ എടുത്ത കായിക വകുപ്പ് മന്ത്രി **വി അബ്ദുറഹിമാന്റെ**യും, അതിന് മികച്ച പിന്തുണ നൽകിയ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി **ഡോ ആർ ബിന്ദു**വിന്റെയും മഹത്തായ നേതൃത്വമാണ് നമ്മുടെ കോളജുകളിൽ കോളേജ് സ്പോർട്സ് ലീഗെന്ന വിപ്ലവത്തിന് തിരികൊളുത്തുന്നത്.



വിഷ്ണുരാജ് പി IAS

സ്പോർട്സ് ഡയറക്ടറായ **വിഷ്ണുരാജ് പി IAS** ന്റെ നേതൃത്വപാടവവും, ഇടപെടലുകളും ഈ വിപ്ലവത്തിന്റെ ആരംഭത്തിന്റെ വേഗത കൂട്ടി. കൂടാതെ കായിക മന്ത്രിയുടെ ടീമംഗമായ **മനു ആന്റണി**യും, സ്പോർട്സ് ഡയറക്ടറുടെ ടീമംഗമായ **ജോസഫ് കെ ജോസഫും** പിന്നണിയിൽ ഈ വിപ്ലവത്തിനായി ആവേശത്തോടെ അഹോരാത്രം പ്രവർത്തിക്കുന്നവരാണ്. സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് ഓപ്പറേഷൻസ് ഹെഡ് **ഡോ. അജയകുമാറിന്റെ** പ്രവൃത്തി പരിചയം ലീഗിന്റെ പ്രവർത്തനങ്ങൾക്ക് കരുത്താകുന്നു.

**The game is changing. We salute all the game changers behind and in front of this College Sports Revolution in India.**

**“Revolution never ends before it reach its goal. Evolution walks along revolution and walks alone even after revolution ends.”**

| അധ്യായം 19 ::

# മനസിൽ ഉയരാവുന്ന ചോദ്യങ്ങൾ

**1. കോളേജ് സ്പോർട്സ് ലീഗുകൾ കായികാധ്യാപകരുടെ ജോലി ഭാരം വർദ്ധിപ്പിക്കുമോ?**

**ഉത്തരം:** ഇല്ല. കായികാധ്യാപകർ അവർ നിലവിൽ ചെയ്യുന്ന കായിക പരിശീലനം, ടീം തിരഞ്ഞെടുപ്പ്, കളിക്കളം തയ്യാറാക്കൽ എന്നിങ്ങനെയുള്ള കാര്യങ്ങൾക്ക് നേതൃത്വം നൽകുക തന്നെയാണ് പ്രധാനമായും കോളേജ് സ്പോർട്സ് ലീഗുകളിലും ചെയ്യുക. മാർക്കറ്റിംഗ്, ഓപ്പറേഷൻസ്, പീപ്പിൾ മാനേജ്മെന്റ് എന്നിങ്ങനെയുള്ള കാര്യങ്ങൾ മറ്റ് ഡിപ്പാർട്ടുമെന്റുകളിലെ അധ്യാപകരുടെ മേൽനോട്ടത്തിലാണ് നടക്കുക.

**2. കോളേജ് സ്പോർട്സ് ലീഗുകൾ വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കുമോ?**

**ഉത്തരം:** തീർച്ചയായും. കോളേജ് സ്പോർട്സ് ലീഗുകൾ വിദ്യാർഥികളുടെ പഠനത്തെ ഗുണകരമായി ബാധിക്കും. ഇത് വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ അനുഭവവും, തൊഴിലിലെ പ്രകടനത്തിനനുസരിച്ച് സ്റ്റൈപൻഡുകളും ലഭ്യമാക്കും. വിദ്യാർത്ഥികളുടെ തൊഴിൽ ചെയ്യാനുള്ള കഴിവുകൾ വർദ്ധിപ്പിക്കും. തൊഴിൽ, ബിസിനസ്

എന്നിങ്ങനെയുള്ള ജീവിതത്തിന്റെ നാനാതുറകളിൽ വിജയത്തിന് അനിവാര്യമായ നേതൃത്വ ഗുണങ്ങൾ, സംരംഭകത്വം, ടീം വർക്ക്, ആശയവിനിമയ പാഠവം, മനശാത്രപരമായ കഴിവുകൾ എന്നിവ വർദ്ധിപ്പിക്കും. പഠനാനന്തരം എളുപ്പത്തിൽ ഒരു ജോലി നേടാനും സഹായിക്കും.

ഏറ്റവും പ്രധാനമായി ഓരോ വ്യക്തിക്കും ജീവിത വിജയത്തിന് അനിവാര്യമായതും എന്നാൽ നിലവിൽ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്നും ലഭിക്കാത്തതുമായ മാനേജ്മെന്റ് പാടവം, മനശാസ്ത്ര പാടവം, അതിജീവന പാടവം എന്നിവ കോളേജ് സ്പോർട്സ് ക്ലബുകളിലെ പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികൾക്ക് ലഭിക്കും

**3. കോളേജ് സ്പോർട്സ് ലീഗുകൾ എങ്ങനെയാണ് വിദ്യാർത്ഥികളുടെ തൊഴിൽ ചെയ്യാനുള്ള കഴിവുകൾ വർദ്ധിപ്പിക്കുന്നത്?**

**ഉത്തരം:** ലീഗുമായി ബന്ധപ്പെട്ട വിവിധ ഉത്തരവാദിത്വങ്ങൾ അധ്യാപകരുടെയും, മറ്റ് വിദഗ്ധരുടെയും മേൽനോട്ടത്തിൽ വിദ്യാർത്ഥികളാണ് നിർവഹിക്കുന്നത്. ഉദാഹരണത്തിന് ലീഗിന്റെ ബിസിനസ് പരമായ നടത്തിപ്പ് കൊമേഴ്സ്, മാനേജ്മെന്റ് ഡിപാർട്ട്മെന്റിലെ വിദ്യാർത്ഥികൾക്കായിരിക്കും. അതവർക്ക് അവർ നിലവിൽ അധ്യാപകരിൽ നിന്നും, പാഠപുസ്തകങ്ങളിൽ നിന്നും പഠിക്കുന്ന മാർക്കറ്റിംഗ്, ഫിനാൻസ്, ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് എന്നിങ്ങനെയുള്ള വിവിധ വിഷയങ്ങളിൽ പ്രായോഗിക പരിചയം നൽകും.

**4. കൊമേഴ്സ്, മാനേജ്മെന്റ് വിദ്യാർത്ഥികൾക്ക് മാത്രമാണോ ലീഗിൽ നിന്നും തൊഴിൽ അനുഭവങ്ങൾ ലഭിക്കുക?**

**ഉത്തരം:** അല്ല. വിവിധ വിഷയങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ പഠനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ നേരിട്ടും അല്ലാതെയും ലീഗിൽ നിന്നും തൊഴിൽ പരിശീലനം ലഭിക്കും. ഭാഷാവിഷയങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലീഗിന്റേയും, ക്ലബിന്റെയും വിവിധ ആശയവിനിമയ ഘടകങ്ങൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാം ഉദാഹരണത്തിന് പരസ്യങ്ങൾ, പത്രക്കുറിപ്പുകൾ, കാമ്പസ് പത്രങ്ങൾ, സോഷ്യൽ മീഡിയ പോസ്റ്ററുകൾ, തത്സമയ വിവരണം.

ഗണിതശാസ്ത്ര, സാമ്പത്തിക ശാസ്ത്ര വിദ്യാർത്ഥികൾക്ക് കളിക്കാരുടേയും, ക്ലബ് ബിസിനസിന്റെയും പ്രകടനപരമായ കണക്കുകളുടെ ശേഖരണം, അവലോകനം എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാം.

**5. ലീഗുകൾ പഠന പ്രവർത്തനങ്ങളേയും, പരീക്ഷകളേയും ബാധിക്കുമോ?**

**ഉത്തരം:** ഇല്ല. ലീഗുകളുടെയും, ക്ലബുകളുടെയും പ്രവർത്തനത്തിന്റെ സമയക്രമം നിയന്ത്രിക്കുന്നത് കോളേജുകൾ അംഗമായ ഓർഗനൈസിംഗ് കമ്മറ്റികളാണ്.

**6. ലീഗുകൾ നിലവിലുള്ള യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പുകളെ ബാധിക്കുമോ?**

**ഉത്തരം:** ഇല്ല. ലീഗുകളുടെ സമയക്രമം നിയന്ത്രിക്കുന്നത് കോളേജുകൾ അംഗമായ ഓർഗനൈസിംഗ് കമ്മറ്റികളാണ്.

ഏതെങ്കിലും കാരണവശാൽ ഫിക്സറുകൾ തമ്മിൽ കൂടിക്കുഴയുകയാണെങ്കിൽ ലീഗിൽ കളിക്കാൻ രണ്ടാം നിര ടീമിനെ അയയ്ക്കാവുന്നതാണ്. കൂടാതെ സമീപ ഭാവിയിൽ മറ്റ് സംസ്ഥാനങ്ങളും കോളേജ് സ്പോർട്സ് ലീഗുകൾ ആരംഭിക്കും. അപ്പോൾ കോളജ് ലീഗുകൾക്ക് ദേശീയ തലത്തിൽ തന്നെ ഏകീകൃത രൂപം കൈവരും.

## 7. കോളേജ് സ്പോർട്സ് ക്ലബിന്റെ പ്രവർത്തനത്തിന് ആവശ്യമായ പണം എവിടെ നിന്ന് കണ്ടെത്തും?

**ഉത്തരം:** നിലവിലെ കായിക പ്രവർത്തനങ്ങൾക്ക് മാറ്റി വച്ചിരിക്കുന്ന ഫണ്ട് കൂടാതെ സ്പോൺസർഷിപ്പ്, മെർച്ച ണ്ടൈസ് വിൽപന, സംഭാവനകൾ എന്നിവയിലൂടെ പണം സമാഹരിക്കാവുന്നതാണ്. നിലവിൽ വിദ്യാർത്ഥികൾ കോളേജ് ഡേ, ആർട്സ് ഫെസ്റ്റിവൽ, മാഗസിൻ എന്നിവയ്ക്കെല്ലാം വേണ്ടി അവരുടെ നേതൃത്വത്തിൽ അനൗപചാരികമായി സ്പോൺസർഷിപ്പ്, സംഭാവനകൾ എന്നിവയിലൂടെ ധനസമാഹരണം നടത്താറുണ്ട്. കോളേജ് സ്പോർട്സ് ക്ലബ് ഒരു സ്റ്റാർട്ടപ്പാണ്. അതിനായി ഔപചാരികമായ രീതിയിൽ എളുപ്പത്തിൽ ധനസമാഹരണം നടത്താൻ സാധിക്കും. സമീപഭാവിയിൽ തന്നെ ധനസമാഹരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സ്ഥിരം ജീവനക്കാരെ നിയമിക്കാനും ക്ലബുകൾക്ക് ശേഷിയുണ്ടാവും.

## 8. ഇതൊക്കെ ഇന്ത്യയിൽ പ്രത്യേകിച്ച് കേരളത്തിൽ വിജയിക്കുമോ?

**ഉത്തരം:** വിവര സാങ്കേതികവിദ്യ, സ്പേസ്, മിലിട്ടറി എന്നിങ്ങനെ വിവിധ മേഖലകളിൽ നിലവിൽ ലോകത്തെ പ്രധാന ശക്തിയാണ്

ഇന്ത്യ. എന്നാൽ കായിക, വിദ്യാഭ്യാസ മേഖലകളിൽ നമ്മൾ പിറകിലാണ്. അതിന് മാറ്റം വരുത്താനുള്ള പരിശ്രമത്തിനാണ് കോളേജ് സ്പോർട്സ് ലീഗുകളിലൂടെ കേരളം നേതൃത്വം നൽകുന്നത്. നമുക്ക് കഴിയും എന്ന് വിശ്വസിക്കുക, വിജയിക്കാനായി പരിശ്രമിക്കുക, പരാജയപ്പെട്ടാൽ പിൻവാങ്ങാതെ വീണ്ടും പരിശ്രമിക്കുക. അതാണ് വിജയിക്കാനുള്ള ഏക സൂത്രവാക്യം.

**9. കോളേജ് സ്പോർട്സ് ക്ലബുകൾ വിജയകരമായി നടത്തുന്നതിനുള്ള പരിശീലനവും, മാർഗ്ഗനിർദ്ദേശവും എവിടെ നിന്ന് ലഭിക്കും?**

**ഉത്തരം:** ഇന്ത്യയിലെ പ്രമുഖ സ്പോർട്സ് മാനേജ്മെന്റ്, സ്പോർട്സ് എഞ്ചിനീയറിംഗ് ഗവേഷണ, പരിശീലന, ഗവേഷണ സ്ഥാപനമായ സ്പോർട്സ് & മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടാണ് ഇന്ത്യയിൽ കോളേജ് സ്പോർട്സ് ലീഗുകളും, സ്കൂൾ സ്പോർട്സ് ലീഗുകളും പ്രചരിപ്പിക്കുന്നത്. കോളേജ് സ്പോർട്സ് ക്ലബുകളുമായി ബന്ധപ്പെട്ട ട്രെയിനിംഗും, കൺസൽറ്റൻസിയും സ്പോർട്സ് & മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ലഭിക്കും.

**10. ക്ലബിന്റെ നടത്തിപ്പിൽ പ്രവർത്തിക്കുന്നവർക്ക് എന്തെങ്കിലും സാമ്പത്തിക നേട്ടങ്ങൾ ലഭിക്കുമോ?**

**ഉത്തരം:** തീർച്ചയായും. കോളേജ് സ്പോർട്സ് ക്ലബുകൾ സാമ്പത്തികമായി അഭിവൃദ്ധി പ്രാപിക്കുമ്പോൾ ഇതിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾക്ക് പെർഫോർമൻസ് സ്റ്റൈപൻഡും, അധ്യാപകർക്ക് പെർഫോർമൻസ് ബോണസും, അത്ലറ്റുകൾക്ക് സ്കോളർഷിപ്പും ലഭിക്കും.

**11. കോളേജുകൾക്ക് എന്ത് നേട്ടമാണ് കോളേജ് സ്പോർട്സ് ലീഗുകൾ നൽകുക?**

**ഉത്തരം:** കോളേജുകൾക്കുള്ള യൂണിവേഴ്സിറ്റി ഗ്രാൻഡ് കമ്മീഷന്റെ ധനസഹായം വർഷം തോറും കുറഞ്ഞു വരുന്ന സാഹചര്യത്തിൽ കോളേജുകൾക്കുള്ള പുതിയ ഒരു മികച്ച വരുമാന മാർഗമാണ് വിവിധ കോളേജ് സ്പോർട്സ് പ്രോഗ്രാമുകൾ. ഈ വരുമാനം സ്പോർട്സ് വികസനത്തിനു മാത്രമല്ല ഗവേഷണത്തിനും, മറ്റ് വികസന പ്രവർത്തനങ്ങൾക്കും ഉപയോഗിക്കാം. കൂടാതെ മികച്ച കാമ്പസ് അനുഭവം തേടി വിദേശത്തു പോകുന്ന വിദ്യാർത്ഥികളെ നമ്മുടെ കാമ്പസുകളിലേയ്ക്ക് ആകർഷിക്കാം. അതിലൂടെ വിവിധ കോഴ്സുകൾക്ക് സീറ്റുകൾ ഒഴിവു വരുന്ന അവസ്ഥയും ഒഴിവാക്കാം. കൂടാതെ വിദ്യാർത്ഥികളുടെ അക്കാദമിക് പ്രകടനവും, തൊഴിൽ ക്ഷമതയും കോളജ് സ്പോർട്സ് ലീഗുകൾ വർദ്ധിപ്പിക്കും. നാക് അക്രഡിറ്റേഷൻ പോലുള്ള സന്ദർഭങ്ങളിൽ കോളജുകൾക്ക് എടുത്തു കാട്ടാവുന്ന പ്രധാന പ്രവർത്തനമായിരിക്കും കോളേജ് സ്പോർട്സ് ക്ലബുകൾ

**12. എന്തു നേട്ടമാണ് വിദ്യാർത്ഥി അത്‌ലറ്റുകൾക്ക് കോളേജ് സ്പോർട്സ് ലീഗുകൾ നൽകുക?**

**ഉത്തരം:** മൈക്കേൽ ജോർദാന്റെ ജീവിത കഥയാണ് മികച്ച ഉത്തരം. കൂടുതൽ മത്സരദിനങ്ങളും, മത്സരാനുഭവവും. ഏറ്റവും മികച്ച കോച്ചിംഗ്. പ്രൊഫഷണൽ സ്പോർട്സിലേയ്ക്കുള്ള പ്രവേശനം സുഗമമാകുന്നു. സ്കോളർഷിപ്പിനും, എൻഡോഴ്സ്മെന്റിനുമുള്ള അവസരങ്ങൾ. സെലബ്രിറ്റി സ്റ്റാറ്റസ്.

**13. എന്താണ് കോളേജ് സ്പോർട്സ് കൗൺസിലും, കോളജ് സ്പോർട്സ് ക്ലബും?**

കോളജുകളിലെ എല്ലാ സ്പോർട്സ് പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്ന ഔദ്യോഗിക സംഘടനയാണ് കോളേജ് സ്പോർട്സ് കൗൺസിൽ (ഉദാ: ഗവൺമെന്റ് കോളേജ് ആലുവ സ്പോർട്സ് കൗൺസിൽ). കോളേജിലെ സ്പോർട്സ് ടീമുകളുടെ ഔദ്യോഗിക ബ്രാൻഡ് നെയിമാണ് കോളേജ് സ്പോർട്സ് ക്ലബ്. (ഉദാ: ആലുവ സൂപ്പർ കിംഗ്സ് / റോയൽ ചലഞ്ചഴ്സ് ആലുവ). കോളേജ് സ്പോർട്സ് കൗൺസിലാണ് ക്ലബുകളെ നിയന്ത്രിക്കുന്നത്.

**14. കോളേജ് സ്പോർട്സ് ക്ലബുകൾ കൈകാര്യം ചെയ്യാൻ നമ്മുടെ വിദ്യാർത്ഥികൾക്ക് കഴിയുമോ?**

**ഉത്തരം:** ഭൂരിഭാഗം വിദ്യാർത്ഥികൾക്കും കഴിയും. നിലവിൽ തന്നെ കോളേജ് യൂണിയൻ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം നോക്കുക. പല കാര്യങ്ങളും പരപ്രേരണയില്ലാതെ അവർ മുൻകൈ എടുത്താണ് ചെയ്യുന്നത്. അവരുടെ ക്രിയാത്മകത നോക്കുക. അവർക്ക് ചെയ്യാൻ കഴിയും. നമ്മൾ അവർക്ക് വഴി കാട്ടുക. അവരുടെ കഴിവുകളിൽ വിശ്വസിക്കുക. അവർക്ക് പ്രവർത്തിക്കാൻ സ്വാതന്ത്ര്യം നൽകുക. പരാജയപ്പെടുമ്പോൾ ആശ്വസിപ്പിക്കുക. പ്രോത്സാഹിപ്പിക്കുക. വിജയിക്കുമ്പോൾ അഭിനന്ദിക്കുക.

കോളേജ് സ്പോർട്സ് ക്ലബുകളും, കോളേജ് സ്പോർട്സ് ലീഗുകളും നമ്മുടെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടത്തുന്നതിനെ കുറിച്ച് സംസാരിച്ചപ്പോൾ അധ്യാപകരും, വിദ്യാർത്ഥി പ്രതിനിധികളുമടക്കം പലരും പറഞ്ഞത് നമ്മുടെ ഇന്നത്തെ വിദ്യാർത്ഥികൾക്ക് ഇത്തരം ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനുള്ള ശേഷിയില്ലാ എന്നാണ്. എന്നാൽ ഇനി

ചേർത്തിരിക്കുന്ന ചിത്രം ഞങ്ങൾക്ക് ആത്മവിശ്വാസം നൽകുന്നതാണ്.




**ആലപ്പുഴ എസ്.ഡി. കോളേജിലെ വിദ്യാർത്ഥികൾ ഫിസിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ അവരുടെ കോളേജിൽ സംഘടിപ്പിച്ച ക്രിക്കറ്റ് ലീഗിന്റെ പോസ്റ്ററാണിത്.** മത്സരം വിവിധ കോളേജുകൾ തമ്മിലാകുമ്പോൾ കോളേജ് സ്പോർട്സ് ലീഗായി. അതായത് ഇത്തരം മത്സരങ്ങളുടെ വ്യാപ്തിയും, മൂല്യവും വർദ്ധിപ്പിച്ച് അതിനെ കൈകാര്യം ചെയ്യാനുള്ള ശേഷി നമ്മുടെ വിദ്യാർത്ഥികൾക്കുണ്ട്. അതിന് നമ്മളവർക്ക് പരിശീലനവും, മാർഗ്ഗനിർദ്ദേശവും, പ്രോത്സാഹനവും നൽകണമെന്ന് മാത്രം.



**ഏറെ പ്രതീക്ഷകൾ നൽകുന്ന ഒരു ചിത്രം**

എസ് ഡി കോളേജ് ആലപ്പുഴയിലെ ക്രിക്കറ്റ് ലീഗിൽ നിന്നും



**പ്രത്യേക നന്ദി**

**രമാകാന്ത്**, ആൻസ് മീഡിയ

**അഹമ്മദ് സുക്കോർണോ**, സ്പോർട്സ്ഫോളിയോ



sijin.in
linksijin
sijinbt
followsijin
+91 8891994467
talk2sijin@gmail.com

# സിജിൻ ബി ടി & ഡോ ഇന്ദുലേഖ ആർ

2018ലെ കേരളാ സ്പോർട്സ് കൗൺസിലിന്റെ മികച്ച സ്പോർസ് പുസ്തകത്തിനുള്ള അവാർഡ് നേടിയ 'ഒരു ഫുട്ബോൾ ഭ്രാന്തന്റെ ഡയറി' എന്ന പുസ്തകത്തിന്റെ രചയിതാക്കൾ

**സിജിൻ ബി ടി**

സ്പോർട്സ് മാനേജ്മെന്റ് ഗുരു, ബിസിനസ് കോച്ച്, കോർപ്പറേറ്റ് ട്രെയ്നർ, എഴുത്തുകാരൻ

സ്പോർട്സ് & മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (SMRI), സ്ക്കൂൾ ഓഫ് സീനിയേഴ്സ് എന്നിവയുടെ സ്ഥാപകൻ

**പ്രധാന പുസ്തകങ്ങൾ**

ജാതിഭ്രഷ്ടനാക്കപ്പെട്ട പൂച്ച
തനിനാടൻ പട്ടിപുരാണം
ആവിഷ്ക്കാര സ്വാതന്ത്ര്യം
തേങ്ങാക്കൊല
കായിക വിപ്ലവം
Business Panchtantra
Sports Revolution

Visit: **www.sijin.in**

**ഡോ ഇന്ദുലേഖ ആർ**

മാനേജ്മെന്റ് വിദഗ്ധ, സ്പോർട്സ് മാനേജ്മെന്റ് ഗവേഷക


ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ടെക്നോളജി, ആലപ്പുഴ

**പ്രധാന പുസ്തകങ്ങൾ**


സ്പോർട്സ് കരിയർ
Sports Career


**സിജിനോടൊപ്പം എഴുതിയ പുസ്തകങ്ങൾ**

ഒരു ഫുട്ബോൾ ഭ്രാന്തന്റെ ഡയറി
നമുക്കു സ്വപ്നങ്ങൾ കീഴടക്കാം
Management By Dreams
Study in India- How College Sports Can Change Indian Campus
കോപ്പിലെ കളി


DR. INDULEKHA R
SPORTS
CAREER
UNKNOWN JOBS IN SPORTS INDUSTRY
LIWING
WRITING



സിജിൻ ബി ടി & ഡോ. ഇന്ദുലേഖ ആർ
ഒരു
ഫുട്ബോൾ
ഭ്രാന്തന്റെ
ഡയറി
ഓരോ ഫുട്ബോൾ ആരാധകനും നിർബന്ധമായും വായിക്കേണ്ട പുസ്തകം
LIWING
WRITING


സിജിൻ ബി ടി & ഡോ. ഇന്ദുലേഖ ആർ
ഫുട്ബോൾ ലോകകപ്പ്
നേടുന്നതിനുള്ള
ഗെയിം പ്ലാൻ
"ഞങ്ങൾ സ്വപ്നം കാണുന്നു,
ത്രിവർണ്ണ പതാക വീശിക്കൊണ്ട്
ആയിരക്കണക്കിന് ഇന്ത്യക്കാർ പച്ചപ്പ് നിറഞ്ഞ
ലോകകപ്പ് ഫുട്ബോൾ ഫൈനൽ നടക്കുന്ന
മൈതാനം കീഴടക്കുന്ന ദിവസം"
SPORTS & MANAGEMENT
RESEARCH INSTITUTE
LIWING


SIJIN B T
SPORTS MANAGEMENT GURU
SPORTS
REVOLUTION
HOW TO MAKE
INDIA
SPORTS
SUPER POWER
SPORTS & MANAGEMENT
RESEARCH INSTITUTE
LIWING
WRITING



സിജിൻ ബി ടി
ഡോ. ഇന്ദുലേഖ ആർ
നിങ്ങളുടെ ഭ്രാന്തൻ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനുള്ള ലളിതമായ വഴികൾ
നമുക്കു സ്വപ്നങ്ങൾ കീഴടക്കാം
SPORTS & MANAGEMENT RESEARCH INSTITUTE
LIVING WRITING

MANAGEMENT REVOLUTION
BUSINESS PUNCHTANTRA
5 SIMPLE WAYS TO TRANSFORM YOUR BUSINESS
SIJIN B T
The man who taught,
"BEHIND EVERY SALE, THERE IS A SMILE"
SPORTS & MANAGEMENT RESEARCH INSTITUTE
LIVING WRITING




ജാതി ഭ്രഷ്ടനാക്കപ്പെട്ട പൂച്ച
സിജിൻ ബി ടി
LIVING WRITING




തനിനാടൻ പട്ടിപുരാണം
സിജിൻ
LIVING WRITING

# സ്പോർട്സ് & മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (SMRI)

**സ്പോർട്സ് മാനേജ്മെന്റ്, സ്പോർട്സ് എഞ്ചിനീയറിംഗ്, സ്പോർട്സ് സയൻസ്, സ്പോർട്സ് കോച്ചിംഗ്, സ്പോർട്സ് കൾച്ചർ** എന്നിങ്ങനെ വിവിധ കായിക മേഖലകളിൽ ലോകോത്തര വിദ്യാഭ്യാസം, പരിശീലനം, പ്രചരണം, കൺസൽട്ടൻസി എന്നിവ പ്രദാനം ചെയ്യുന്ന ഒരു പ്രമുഖ കായിക വിദ്യാഭ്യാസ ഗവേഷണ സ്ഥാപനമാണ് **സ്പോർട്സ് & മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (എസ്എംആർഐ). "ഇന്ത്യയെ ഒരു സ്പോർട്സ് സൂപ്പർ പവർ ആക്കുക"** എന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ എസ്എംആർഐ, ഇന്ത്യൻ അതിരുകൾക്കപ്പുറമുള്ള ആളുകളെയും, സംഘടനകളെയും കായികരംഗത്ത് മികവ് പുലർത്തുന്നതിന് പിന്തുണയ്ക്കുന്നു. ജീവിതത്തെയും, സമ്പദ്വ്യവസ്ഥയെയും പരിവർത്തനം ചെയ്യാനുള്ള സ്പോർട്സിന്റെ ശക്തിയിൽ എസ്എംആർഐ ശക്തമായി വിശ്വസിക്കുന്നു. നമ്മളിൽ പലരും കരുതുന്നതുപോലെ, സ്പോർട്സ് ഏതാനും മിനിറ്റുകൾക്കുള്ള വിനോദം അല്ലെങ്കിൽ കുറച്ച് മെഡലുകൾ നേടുക മാത്രമല്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം, സ്പോർട്സ് അതിവേഗം വളരുന്നതും, സുസ്ഥിരവുമായ ഒരു വ്യവസായമാണ്. അതിലൂടെ ധാരാളം തൊഴിലവസരങ്ങളും, സമ്പദ്വ്യവസ്ഥയ്ക്ക് വരുമാനവും സൃഷ്ടിക്കാൻ കഴിയും. സ്പോർട്സ് തൊഴിൽ, വിനോദം, വരുമാനം, ശാക്തീകരണം, സാമൂഹിക ഇടപെടൽ, വ്യായാമം, വിദ്യാഭ്യാസം എന്നിവ നൽകുന്നു. പുതിയ അറിവുകളിലൂടെയും മികച്ച പരിശീലനം ലഭിച്ച സ്പോർട്സ് പ്രൊഫഷണലുകളിലൂടെയും ശക്തവും, സുസ്ഥിരവുമായ കായിക ആവാസവ്യവസ്ഥ കെട്ടിപ്പടുക്കാൻ രാജ്യങ്ങളെ സഹായിക്കുന്നതിൽ ഞങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

# സ്റ്റഡി ഇൻ കേരള

# കോളേജ്

## സ്പോർട്സ് ലീഗുകൾ കാമ്പസുകളിൽ

# വിപ്ലവം

## സൃഷ്ടിക്കുന്നതെങ്ങനെ?





ഡോ ഇന്ദുലേഖ ആർ
സ്പോർട്സ് മാനേജ്മെന്റ് വിദഗ്ധ










സിജിൻ ബി ടി
സ്പോർട്സ് മാനേജ്മെന്റ് ഗുരു



സ്റ്റഡി ഇൻ കേരള
സ്പോർട്സ്
വില: 200 രൂപ

SPORTS & MANAGEMENT RESEARCH INSTITUTE
MAKING INDIA SPORTS SUPERPOWER
smri.in playsmri

LIWING WRITING